VOL NO: 04 | ISSUE 44
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 OCTOBER 31 | 1442 RABIUL AWWAL 13 | ₹12

വാരിക

## ചുവന്നു തുടുക്കുന്ന സവർണ സംവരണം

സർക്കാർ നിയമനങ്ങളിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം കേരള സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. നിലവിലുള്ള 50% സാമുദായിക സംവരണത്തിന് പോറൽ ഏൽപിക്കാതെയാണ് സാമ്പത്തിക സംവരണം നടപ്പാക്കുന്നതെന്ന സർക്കാർ വാദം പൊള്ളയാണെന്ന് തെളിഞ്ഞിരിക്കുകയാണ്. മൊത്തം സീറ്റുകളിൽ നിന്നാണ് അത് നടപ്പാക്കുന്നതെന്ന് സർക്കാർ പ്രയോഗികമായി തെളിയിച്ചു കഴിഞ്ഞു. സർക്കാർ തീരുമാനവും നടപടിയും പിൻവലിക്കണം. സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുമ്പോൾ മുന്നാക്ക പിന്നാക്ക വ്യത്യാസമില്ലാതെ നടപ്പാക്കുകയും വേണം.



|| വിശുദ്ധ ക്വുർആൻ: പ്രാമാണികതയും ദൈവികതയും

|| പ്രവാചകസ്നേഹം അനാചാരങ്ങളിലൂടെ പ്രകടിപ്പിക്കുകയോ?

|| കള്ളക്കഥകൾ മെനയുന്നവർ ഓർക്കാനിഷ്ടപ്പെടാത്ത സത്യങ്ങൾ

## സാമൂഹ്യ മാധ്യമങ്ങളും നീതി ബോധവും

ആധുനിക ലോകത്ത് സാമൂഹ്യമാധ്യമങ്ങൾ യുദ്ധഭൂമികളാണ്; അക്ഷരങ്ങളും വാക്കുകളുമാണ് ആയുധങ്ങൾ. അതുണ്ടാക്കുന്ന മുറിവുകൾ ചില്ലറയൊന്നുമല്ല. എതിരാളികളെ തകർക്കാനും ഇല്ലായ്മ ചെയ്യാനും പണമോ അധ്വാനമോ ചെലവില്ല. വ്യക്തമായ നിയമനിർമാണത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും മാത്രമെ ഇതിനെ നിയന്ത്രിക്കാൻ കഴിയൂ.

WISDOM YOUTH

# ക്വുർആൻ ഹദീഥ് ലേണിംഗ് സ്കൂൾ
# QHLS

QHLS

## വാർഷിക
# പൊതുപരീക്ഷ

## രജിസ്ട്രേഷൻ
## തുടരുന്നു..

**സിലബസ്:**

മുഹമ്മദ്അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തിലെ അത്വൂർ, അന്നജ്മ്,അൽ ഖമർ, അർറഹ്മാൻ,അൽ വാഖിഅ:,അൽ ഹദീദ് എന്നീ അധ്യായങ്ങള അടിസ്ഥാനമാക്കി QHLS വിംഗ് തയ്യാറാക്കിയ പഠന സഹായി.

മലയാളം,ഇംഗ്ലീഷ് ,തമിഴ്,കന്നഡ ഭാഷകളിലും പരീക്ഷകൾ

കേരളത്തിനകത്തും വിദേശരാജ്യങ്ങളിലും പരീക്ഷ


**2020 നവംബർ 29 ഞായർ**

കൂടുതൽ വിവരങ്ങൾക്ക് : 9447368178, 9496332785

WISDOM Islamic Youth Kerala State Committee, C.V.Complex,Kozhikode-2

peaceradio
Tune to reality

നേർപഥം
വാരിക
0198 / 2020 ഒക്ടോബർ 31 / 1442 റബീഉൽ അവ്വൽ 13 / പുസ്തകം 04 / ലക്കം 44



# ചുവന്നു തുടുക്കുന്ന സവർണ സംവരണം

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
കള്ളക്കഥകൾ മെനയുന്നവർ ഓർക്കാനിഷ്ടപ്പെടാത്ത സത്യങ്ങൾ / 06

**ജാലകം**
ചതിക്കുഴികൾ / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ബാലപഥം**
അബുൽആസ്വി(റ)ന്റെ ചരിത്രത്തിൽനിന്ന് / 18
ഉസ്മാൻ പാലക്കാഴി

**ആദർശപഠനം**
വിശുദ്ധ ക്വുർആൻ: പ്രാമാണികതയും ദൈവികതയും / 20
അബൂബക്കർ സലഫി

**ലേഖനം**
സാമൂഹ്യ മാധ്യമങ്ങളും നീതി ബോധവും / 07
നബീൽ പയ്യോളി

സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ / 29
ദുൽക്കർഷാൻ അലനല്ലൂർ

പ്രവാചകസ്നേഹം അനാചാരങ്ങളിലൂടെ പ്രകടിപ്പിക്കുകയോ? / 26
നൂറുദ്ദീൻ സ്വലാഹി

**നമുക്ക് ചുറ്റും**
ഓർക്കാനിഷ്ടപ്പെടുന്ന ചില തിരുത്തലുകൾ / 34
സലാം സുറുമ എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# സംഘപരിവാരങ്ങൾ ഇന്ത്യയ്ക്ക് ചിതയൊരുക്കുന്നു: വിസ്ഡം യൂത്ത്

മലപ്പുറം: 'ഹിന്ദുത്വ' രാഷ്ട്രീയ അജണ്ടകളിലൂടെ മുസ്‌ലിം, ദളിത്, ആദിവാസി ന്യൂനപക്ഷ വേട്ടക്കായി സമാന്തര ഗ്രൂപ്പുകൾക്ക് രൂപംനൽകിയും ഭരണകൂട സംവിധാനങ്ങളെ ദുരുപയോഗം ചെയ്തും നീതിന്യായ വ്യവസ്ഥകളെ കാവിവൽകരിച്ചും സംഘപരിവാരങ്ങൾ ഇന്ത്യയ്ക്ക് ചിതയൊരുക്കുകയാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'ഔട്ട്‌ലുക്ക്' ബൗദ്ധിക സംവാദം അഭിപ്രായപ്പെട്ടു.

സ്ത്രീകളും കുട്ടികളും ക്രൂരമായ കൊലപാതകങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാവുകയാണ്. നിയമപാലകരെ പോലും ഉപയോഗിച്ച് കുറ്റവാളികൾക്ക് ക്ലീൻചിറ്റ് നൽകാൻ കാവി ഭരണകൂടം ശ്രമിച്ചു കൊണ്ടിരിക്കുന്നത് കാണാതിരുന്നുകൂടാ. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചും റെയിൽവേ പോലെയുള്ള ജനസേവന മേഖലകളെ സാമ്പത്തിക ചൂഷണങ്ങൾക്കായി സമ്പന്നർക്ക് പതിച്ചുനൽകിയും ഭരണകൂടം ഇന്ത്യയെ തകർക്കുകയാണ്. ഇന്ത്യയെ തകർക്കുന്ന ഫാഷിസ്റ്റ് ഭരണകൂടത്തിനെതിരെ പൊതുജനങ്ങൾ ഉണരുകയും ശക്തമായ പ്രതിരോധങ്ങൾക്കും പ്രതിഷേധങ്ങൾക്കും ജനാധിപത്യ മതനിരപേക്ഷ ചേരി മുന്നോട്ട് വരികയും ചെയ്യണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു.

'ഫാഷിസം ഇന്ത്യയ്ക്ക് ചിതയൊരുക്കുമ്പോൾ' എന്ന തലക്കെട്ടിൽ നടന്ന വിസ്ഡം യൂത്ത് ഔട്ട്‌ലുക്ക് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ടി.കെ. നിഷാദ് സലഫി മോഡറേറ്ററായിരുന്നു. പന്ന്യൻ രവീന്ദ്രൻ, ദളിത് ആക്റ്റിവിസ്റ്റ് അജിത് കുമാർ, റഷീദ് കുട്ടമ്പൂർ എന്നിവർ വിഷയങ്ങളവതരിപ്പിച്ചു.

വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ കെ.സി ഹാരിസ് മദനി കായക്കൊടി, കെ. താജുദ്ദീൻ സ്വലാഹി, ഡോ. ഫസലുറഹ്മാൻ കക്കാട്, യു. മുഹമ്മദ് മദനി, അബ്ദുല്ലാ ഫാസിൽ, ഒ. മുഹമ്മദ് അൻവർ, ഡോ.പി.പി നസീഫ്, പി.യു സുഹൈൽ, ഡോ. ഷബീൽ പി എൻ, പി.വി.എ പ്രിംറോസ്, ജംഷീർ സ്വലാഹി, മുജീബ് ഒട്ടുമ്മൽ നേതൃത്വം നൽകി.

# സംവരണത്തെ അട്ടിമറിച്ചത് തിരിച്ചറിയണം: വിസ്ഡം സ്റ്റുഡന്റ്സ്

മലപ്പുറം: സംവരണത്തിന്റെ അടിസ്ഥാനലക്ഷ്യത്തെ തന്നെ അട്ടിമറിച്ച് കേന്ദ്ര, സംസ്ഥാന സർക്കാറുകൾ കൊണ്ടുവന്ന സവർണ സാമ്പത്തിക സംവരണം പുനഃപരിശോധിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച 'എലക്വൻസ്' ക്യാമ്പസ് ഡിബേറ്റ് ആവശ്യപ്പെട്ടു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കാലങ്ങളായി നിലനിൽക്കുന്ന സംവരണം എന്ന അടിസ്ഥാന വിഷയത്തിൽ ഇന്നും ജനങ്ങൾക്കിടയിൽ വേണ്ടത്ര ചർച്ചകൾ ഉയർന്നുവരുന്നില്ല. സംവരണത്തിന്റെ പ്രസക്തി പൊതുസമൂഹം തിരിച്ചറിയാതെ പോകരുതെന്നും ക്യാമ്പസ് ഡിബേറ്റ് കൂട്ടിച്ചേർത്തു.

തൃത്താല നിയോജക മണ്ഡലം എം.എൽ.എ. വി.ടി. ബൽറാം, പ്രമുഖ എഴുത്തുകാരനും അധ്യാപകനുമായ ഡോ. സുദീപ് എന്നിവർ ക്യാമ്പസ് വിദ്യാർഥികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി. ഡോ. സി.പി. അബ്ദുല്ല ബാസിൽ മോഡറേറ്ററായി.

ഐ.ഐ.ടി. ബോംബെ പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും ദളിത്, ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യത്തിന്റെ കണക്കുകൾ വിവരിച്ച്, ഇന്ത്യയിൽ നിലനിൽക്കുന്ന എല്ലാ സംവിധാനങ്ങളിലും ഇതുതന്നെയാണ് അവസ്ഥ എന്നും ഡോ. സുദീപ് വ്യക്തമാക്കി.

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ ക്യാമ്പസുകളിൽനിന്നായി നിരവധി വിദ്യാർഥികൾ പങ്കെടുത്ത പ്രോഗ്രാമിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് സി. അജ്മൽ, സെക്രട്ടറി ശഹബാസ് കെ. അബ്ബാസ്, ക്യാമ്പസ് ചെയർമാൻ കെ. മുനവ്വർ, കൺവീനർ സുഹൈൽ അബ്ദുസ്സമദ്, ക്യാമ്പസ് വിംഗ് മെമ്പർ കെ. ശംജാസ്, നിയാസ് മൂത്തേടം തുടങ്ങിയവർ സംബന്ധിച്ചു.

# കള്ളക്കഥകൾ മെനയുന്നവർ ഓർക്കാനിഷ്ടപ്പെടാത്ത സത്യങ്ങൾ

**ബാ**ബരി മസ്ജിദ് തകർക്കുക എന്ന നീചകൃത്യം ചെയ്തവരെല്ലാം കുറ്റവിമുക്തരായതിന്റെയും മസ്ജിദ് നിലനിന്നിരുന്ന സ്ഥലം മുഴുവൻ ക്ഷേത്രമുണ്ടാക്കാൻ അനുവദിച്ചുകിട്ടിയതിന്റെയും സന്തോഷത്തിലാണ് ഇന്ത്യയിലെ ഹിന്ദുത്വ വർഗീയവാദികൾ. ഇന്ത്യയിൽ മതേതരത്വവും നാനാത്വത്തിൽ ഏകത്വവും നിലനിന്നുകാണുവാൻ ആഗ്രഹിക്കുന്ന വർഗീയവാദികളല്ലാത്ത ഭൂരിപക്ഷം ഹിന്ദുക്കളും ഈ സന്തോഷത്തിൽ പങ്കാളികളല്ല എന്നതാണ് വാസ്തവം.

എന്നാൽ 'അരിയും തിന്ന് ആശാരിച്ചിയെയും കടിച്ച് പിന്നെയും പട്ടി മുന്നോട്ട്' എന്ന മട്ടിൽ കാശിയിലും മധുരയിലും മറ്റുമുള്ള പല പള്ളികളും ഇപ്പോഴും തങ്ങളുടെ ലക്ഷ്യമാണെന്ന് ഇടയ്ക്കിടെ ഈ അസഹിഷ്ണുതയുടെ വക്താക്കളിൽ ചിലർ പ്രഖ്യാപിക്കുന്നുണ്ട്. കള്ളക്കഥകൾ പ്രചരിപ്പിച്ചും മുസ്‌ലിം ഭരണാധികാരികളുടെ ക്ഷേത്രധ്വംസന കഥകൾ ആവോളം തട്ടിവിട്ടും അതിന് കൊഴുപ്പേകാറുണ്ട്. ഭൂതകാലത്തിന്റെ തെറ്റുകൾ തിരുത്തുകയും 3000ത്തിൽ പരം പള്ളികൾ തകർത്ത് ക്ഷേത്രം നിർമിക്കുകയും ചെയ്യുമെന്ന് ബാബരി മസ്ജിദ് തകർത്ത ശേഷം ഇവർ പ്രഖ്യാപിച്ചത് അന്ന് പത്രവാർത്തയായി വന്നത് ഓർക്കുന്നു.

ഒരു രാജ്യത്തിന്റെ ഭരണാധികാരം പിടിച്ചെടുക്കാനും അത് നിലനിർത്താനും ഇറങ്ങിപ്പുറപ്പെട്ടവരോടൊപ്പം ചേർന്ന് മുസ്‌ലിം വിരോധം ആവോളം കോരിക്കുടിച്ച് മത്തുപിടിച്ചിരിക്കുന്നവർ ഓർത്തിരിക്കേണ്ട ചില യാഥാർഥ്യങ്ങളുണ്ട്. മധ്യകാലഘട്ടത്തിൽ ഇന്ത്യയിലെ രാജാക്കന്മാരിൽ അധികവും -ഹിന്ദുവെന്നോ മുസ്‌ലിമെന്നോ ഭേദമില്ലാതെ- ഒരുപോലെ നടത്തിയിരുന്ന കാര്യമാണ് ക്ഷേത്രധ്വംസനമെന്നത്. ക്ഷേത്രങ്ങൾ സമ്പത്തിന്റെ ഉറവിടങ്ങളും അതിന്റെ സൂക്ഷിപ്പുകേന്ദ്രങ്ങളുമായിരുന്നു എന്നതാണ് അതിന്റെ പ്രധാന കാരണം. സാമൂഹ്യ ചൂഷണത്തിന്റെ നീക്കിയിരിപ്പ് സുരക്ഷിതമായി സൂക്ഷിച്ചുവെക്കാൻ സവർണരും നാടുവാഴികളും ക്ഷേത്രങ്ങൾ തെരഞ്ഞെടുത്തതാണ് അവയെ അക്രമിക്കുവാൻ രാജാക്കൻമാരെ പ്രേരിപ്പിച്ചത്. സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ള ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ഒഴികെയുള്ളവർക്ക് ക്ഷേത്രാരാധനയ്ക്ക് അനുമതി കൊടുക്കാതിരുന്നതും ഇതോടൊപ്പം ചേർത്തുവായിക്കണം.

പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാശ്മീരിലെ ഹർഷദേവൻ എന്ന ക്ഷത്രിയ രാജാവ് നിയമിച്ച 'ദേവോത്പന്ന നായകന്മാർ' എന്ന ഉദ്യോഗസ്ഥരുടെ ജോലി ദേവന്മാരെ, അതായത് വിഗ്രഹങ്ങളെ തകർക്കുക എന്നതായിരുന്നുവത്രെ! ആവശ്യമുള്ളപ്പോൾ ഇവർ ക്ഷേത്രങ്ങൾ നശിപ്പിക്കുകയും സമ്പത്ത് അപഹരിക്കുകയും ചെയ്തിരുന്നു. ഇന്ത്യയൊട്ടാകെ ആയിരക്കണക്കിന് ബുദ്ധ, ജൈന ക്ഷേത്രങ്ങൾ തകർത്ത ഹിന്ദുരാജാക്കന്മാരുടെ വിവരങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്.

മംഗോളിയർ മധ്യേഷ്യയിലെ മുസ്‌ലിം പള്ളികൾ തകർത്തത് അധിനിവേശ താൽപര്യത്താലായിരുന്നു. മധ്യകാലത്ത് ക്ഷേത്രധ്വംസനം അധികാരം പിടിക്കലിന്റെ ഭാഗമായിരുന്നതുപോലെ ആധുനിക കാലത്ത് ഈ ധ്വംസന കഥകൾ ഉപയോഗിച്ച് അധികാരം പിടിക്കാനും കിട്ടിയത് നിലനിർത്താനുമുള്ള കുറുക്കുവഴി തേടുകയാണ് ഹിന്ദുത്വ തീവ്രവാദികൾ.

ഇന്ത്യയിൽ ഇനി ഒരു ആരാധനാലയവും തകർക്കപ്പെട്ടുകൂടാ. ഒരു വിഭാഗവും മറ്റൊരു വിഭാഗത്തിന്റെ ആരാധനാലയത്തിന്റെ മേൽ അവകാശവാദം ഉന്നയിച്ചുകൂടാ. അതിനായി ആരുതന്നെ തുനിഞ്ഞിറങ്ങിയാലും അവരെ കൈകാര്യം ചെയ്യാനുള്ള ആർജവം ഭരണകൂടങ്ങൾ കാണിക്കണം.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

# ചതിക്കുഴികൾ

നല്ല ശ്രദ്ധയും സൂക്ഷ്മതയുമില്ലെങ്കിൽ ആരും ചതിയിൽ പെട്ടുപോകും. അതിന്നു മാത്രം ശക്തമാണ് എല്ലാ രംഗത്തുമുള്ള പ്രചണ്ഡമായ പ്രചാരണങ്ങൾ. കണ്ണഞ്ചിപ്പിക്കുന്ന പരസ്യബോർഡുകൾ കണ്ട് കണ്ണും ചിമ്മി നാമാരും വസ്തുക്കൾ വാങ്ങാറില്ലല്ലോ. ഈ ഒരു വിവേകം ജീവിതത്തിലുടനീളം നാം കാണിക്കണം.

'പത്ത് പേരു പറഞ്ഞാൽ പത്തായം തിരിയും' എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഏത് അസത്യവും പറഞ്ഞു ഫലിപ്പിക്കുന്നതിനെയാണ് അത് സൂചിപ്പിക്കുന്നത്. നബിﷺയുടെ അടുത്ത അനുയായിയായ മിസ്ത്വഹ് എന്ന വ്യക്തി പ്രചാരവേലയുടെ ചതിയിൽ പെട്ടു വീണുപോയ ഒരു ചരിത്രമുണ്ട്. നബിﷺയോടൊപ്പം ബദ്ർ യുദ്ധമടക്കമുള്ള അതിനിർണായകമായ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം മതത്തിന്നും സമൂഹത്തിന്നും വേണ്ടി ത്യാഗങ്ങൾ സഹിച്ച മഹദ്‌വ്യക്തിയാണദ്ദേഹം.

കപടവിശ്വാസികൾ നബിﷺയുടെ പത്നി ആഇശാക്കെതിരെ ഒരു മഹാഅപരാധം പ്രചരിപ്പിച്ചപ്പോൾ നിർദോഷിയായ, വിശുദ്ധനായ മിസ്ത്വഹും ആ പ്രചാരണത്തിൽ പെട്ടുപോയി. സത്യാവസ്ഥ മനസ്സിലായപ്പോൾ അദ്ദേഹം പശ്ചാത്തപിച്ചുവെങ്കിലും പതിവ്രതകളായ സ്ത്രീകൾക്കുനേരെ അപവാദം പ്രചരിപ്പിച്ചാലുള്ള ശിക്ഷ നബിﷺയിൽ നിന്ന് അദ്ദേഹത്തിന് ഏറ്റുവാങ്ങേണ്ടിവന്നു.

ചരിത്രം വലിയ ഒരു ഗുരുനാഥനാണ്. അത് എക്കാലത്തും തലമുറകൾക്കു നല്ല പാഠങ്ങൾ നൽകിക്കൊണ്ടേയിരിക്കും. തനിക്കിഷ്ടമില്ലാത്തവരെ അകറ്റാനും ഒതുക്കാനും പ്രയോഗിക്കുന്ന ദുഷ്പ്രചാരണത്തിന് ഇരുതലമൂർച്ചയുള്ള വാളിനെക്കാൾ ശക്തിയുണ്ട്. ഇതുപോലെ വസ്തുതകളുടെ നിജസ്ഥിതിയറിയാതെ കണ്ടതും കേട്ടതും അപ്പടി മറ്റുള്ളവരിലേക്കെത്തിക്കുന്നതും ആപത്താണ്. സോഷ്യൽ മീഡിയകളുടെ സാന്നിധ്യത്തോടെ പ്രകാശവേഗതയിൽ പ്രചാരണം നടത്താൻ സൗകര്യമുള്ള കാലമാണിത്.

വർഗീയത, വ്യക്തിതാൽപര്യങ്ങൾ, അധികാരമോഹം, പ്രതികാരദാഹം തുടങ്ങിയ വികടവിചാരങ്ങളും സ്വഭാവങ്ങളുമാണ് ദുഷ്പ്രചാരണങ്ങൾ നടത്താൻ പലരെയും പ്രേരിപ്പിക്കുന്നത്. പ്രചാരണങ്ങളുടെ വ്യാപനത്തിന്നനുസരിച്ച് അതിന്റെ സ്വാധീനവും വർധിക്കുന്നു. വളരെ സത്യസന്ധരായ വ്യക്തികളായിരിക്കും ചിലപ്പോൾ ഇതിൽ പെട്ടുപോകുന്നത്. പിന്നീട് അത്തരം നല്ല വ്യക്തികളായിരിക്കും ഈ പ്രചാരണത്തിന് വിശ്വാസ്യതയുള്ള പ്രചാരം നൽകുന്നത്. ഇത്തരം സത്യസന്ധരിൽനിന്ന് കേൾക്കുന്ന കാര്യങ്ങൾ തൊണ്ടതൊടാതെ വിഴുങ്ങാൻ സ്വാഭാവികമായും അധികമാളുകളുമുണ്ടായിരിക്കും. അവസാനം സത്യാവസ്ഥ ബോധ്യപ്പെടുമ്പോഴേക്കും കാര്യം കൈവിട്ടുപോയിരിക്കും. ഇതിന്നിടക്ക് അനേകം കലഹങ്ങളും ബന്ധവിഛേദനങ്ങളും നാശങ്ങളും ഭിന്നിപ്പുകളും അതുമൂലം ഉണ്ടായിക്കഴിഞ്ഞിരിക്കും. മിസ്ത്വഹ് ഒരു ചതിയിൽപെട്ട, മേൽ സംഭവത്തിലെ ഗുണപാഠങ്ങൾ നമുക്ക് ഉൾക്കൊള്ളാം.

ഈച്ചകൾക്ക് വ്യണം പഥ്യമെന്നപോലെ പരദൂഷണങ്ങളും വിവാദങ്ങളുംകൊണ്ട് ഉപജീവിക്കുന്നവരെ എക്കാലത്തും കാണാം. അതിൽ പെട്ടുപോയി നാം നമ്മുടെ സ്വത്വം നഷ്ടപ്പെടുത്തരുത്. ഊഷ്മളമായ ബന്ധത്തിൽ ജീവിക്കുന്ന പലരും പിന്നീട് യാതൊരു തെറ്റും പരസ്പരം ചെയ്യാതെ ശത്രുക്കളായി മാറുന്ന അനുഭവങ്ങൾ നാട്ടിൽ ഏറെയുണ്ട്. ആരോ 'ഇറ്റിച്ചു'കൊടുത്ത വിദ്വേഷവിഷമാണിതിന് കാരണം. കടുപ്പമുള്ള നിലപാടുകൾ സ്വീകരിക്കുക മാത്രമാണിതിന്ന് പരിഹാരം.

നിലപാടുകളില്ലാത്തവർ നിരപരാധികളാണെങ്കിൽ പോലും ചതിയിൽ പെട്ടുപോകും. രാഷ്ട്രീയ രംഗത്തും സാമൂഹ്യ രംഗത്തും നിലനിൽക്കുന്ന അനിശ്ചിതത്വത്തിന്റെ കാരണം ഒരു പരിധിവരെ നിലപാടില്ലായ്മയാണ്. ഇസ്‌ലാം വിശ്വാസികൾക്ക് ഈ വിഷയത്തിൽ നല്ല മാർഗദർശനം നൽകുന്നുണ്ട്. ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ സ്വന്തം കാര്യങ്ങൾ നന്നായി ശ്രദ്ധിച്ചുകൊള്ളുക. നിങ്ങൾ സന്മാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല..." (5:106).

സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി വിദ്വേഷങ്ങളും അപവാദങ്ങളും പ്രചരിപ്പിച്ച് ഛിദ്രതയുണ്ടാക്കുകയും പിന്നീട് ആ നാശം ബൂമറാങ്ങിനെപോലെ തിരിച്ചുവന്നതും, ആലോചനയില്ലാതെ അബദ്ധത്തിൽ പെട്ട നല്ല മനുഷ്യർ ഖേദിക്കാനിടവരുന്നതുമായ ഒട്ടേറെ ദുരനുഭവങ്ങൾ ഗതകാല മതസാമൂഹ്യജീവിതത്തിൽ കാണാം.



# സാമൂഹ്യ മാധ്യമങ്ങളും നീതി ബോധവും

ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com

**പോ**യവാരങ്ങളിൽ സാമൂഹ്യമാധ്യമങ്ങളെ ചുറ്റിപ്പറ്റിയുള്ള ധാരാളം വിവാദങ്ങൾ ഉണ്ടായി. ആധുനിക ലോകത്ത് സാമൂഹ്യമാധ്യമങ്ങൾ യുദ്ധഭൂമികളാണ്; അക്ഷരങ്ങളും വാക്കുകളുമാണ് ആയുധങ്ങൾ. അതുണ്ടാക്കുന്ന മുറിവുകൾ ചില്ലറയൊന്നുമല്ല. എതിരാളികളെ തകർക്കാനും ഇല്ലായ്മ ചെയ്യാനും പണമോ അധ്വാനമോ ചെലവില്ല, സൈബർ പോരാളികൾ അത് ഭംഗിയായി നിർവഹിക്കുന്നു. മതപരം, രാഷ്ട്രീയം, സാമൂഹികം, സാംസ്കാരികം തുടങ്ങി മനുഷ്യൻ ഇടപെടുന്ന ഏതു മേഖലകളിലും സൈബർ വെട്ടുകിളികളുടെ ആക്രമങ്ങൾ അതിക്രൂരമാണ്.

ആധുനിക കാലത്തിന്റെ കണ്ണാടിയാണ് സോഷ്യൽ മീഡിയ. നിലപാടുകൾ രൂപീകരിക്കുന്നതിൽ വലിയ പങ്ക് ഇന്ന് സാമൂഹ്യമാധ്യമങ്ങൾക്കുണ്ട്. ഏത് സാധാരണക്കാരനും സാമൂഹ്യമാധ്യമങ്ങളുമായി ബന്ധിതനാണ്. നമ്മുടെ ചിന്തയെയും പ്രവർത്തനങ്ങളെയും നിലപാടുകളെയും സോഷ്യൽ മീഡിയകൾ വലിയതോതിൽ സ്വാധീനിക്കുന്നു. കൊറോണ നമ്മെ വീട്ടകങ്ങളിൽ തളച്ചിട്ടെങ്കിലും കയ്യിലുള്ള മൊബൈലും ഇന്റർനെറ്റും ലോകം മുഴുവൻ ചെന്നെത്താൻ നമ്മെ സഹായിച്ചു. ഓൺലൈനിലാണ് എല്ലാവരുമിപ്പോൾ. അത് വലിയ സാമൂഹിക, വൈയക്തിക പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു എന്നത് ഒരു യാഥാർഥ്യമാണ്.

സാമൂഹ്യമാധ്യമങ്ങളും നമ്മളോരോരുത്തരും തമ്മിലും അഭേദ്യമായ ബന്ധമുണ്ട്. അത് നമ്മുടെ ജീവിതത്തിന്റെ അനിവാര്യമായ ഘടകമായി മാറിക്കഴിഞ്ഞു. സാധാരണക്കാർ മുതൽ ഭരണാധികാരികൾ വരെ തങ്ങളുടെ അഭിപ്രായങ്ങളും നിലപാടുകളും കാഴ്ചപ്പാടുകളും പങ്കുവയ്ക്കുന്ന ഇടങ്ങളായി സാമൂഹ്യമാധ്യമങ്ങൾ മാറിയത് അടുത്തകാലത്താണ്. സോഷ്യൽ മീഡിയ സോഷ്യൽ ഓഡിറ്റിംഗിന്റെ നല്ലൊരു ഉപകരണം കൂടിയാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഭരണാധികാരികളും തെറ്റുചെയ്താലും അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്ന പ്രബന്ധങ്ങൾ തിരുത്താനും സോഷ്യൽ മീഡിയക്ക് പലപ്പോഴും സാധിച്ചിട്ടുണ്ട്. സർക്കാരുകൾ എടുത്ത തെറ്റായ തീരുമാനങ്ങളും നിലപാടുകളും തിരുത്താനും ഇത്തരം ഇടപെടലുകൾ സഹായകമായിട്ടുണ്ട് എന്നത് സന്തോഷകരമാണ്. ഇത്തരം ക്രിയാത്മകമായ ഇടപെടലുകൾക്ക് സാമൂഹ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക എന്നത് ജനാധിപത്യത്തെ സക്രിയമാക്കാനും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഭരണകൂടത്തെയും കൂടുതൽ ജാഗരൂകരും ഉത്തരവാദിത്തമുള്ളവരും ആക്കിത്തീർക്കാനും കാരണമായിട്ടുണ്ട്.

എന്നാൽ ഇരുതലമൂർച്ചയുള്ള ആയുധം എന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങൾ അനഭിലഷണീയ പ്രവണതകളുടെ കേദാരം കൂടിയാണ് എന്നു കാണാം. സക്രിയമായ ആശയസംവാദങ്ങൾക്കപ്പുറം അന്യനെ അപരവൽക്കരിക്കാനും ഇല്ലാതാക്കാനും വ്യക്തിഹത്യ നടത്താനും സ്വാർഥ താൽപര്യക്കാർ ഇന്ന് സോഷ്യൽ മീഡിയയെ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഇത് വലിയ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

പോയ വാരങ്ങളിൽ കേരളം ചർച്ച ചെയ്ത സാമൂഹ്യമാധ്യമങ്ങളിലെ അധാർമിക ഇടപെടലുകൾ ഗൗരവത്തോടെ നോക്കിക്കാണേണ്ടതു തന്നെയാണ്. തങ്ങൾക്കെതിരെ അഭിപ്രായം പറയുന്ന, വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കെതിരെ ദ്വയാർഥ പ്രയോഗങ്ങൾ നടത്തുകയും അശ്ലീല പോസ്റ്റുകൾ ഇടുകയും ചെയ്തത്, തന്റെ യൂട്യൂബ് ചാനലിൽ അശ്ലീലം കലർന്ന വീഡിയോകൾ പോസ്റ്റ് ചെയ്ത യൂട്യൂബറെ കയ്യേറ്റം ചെയ്തത്, മന്ത്രി കെ.ടി ജലീൽ പ്രവാസിയെ ഡീപോർട് ചെയ്യാൻ നീക്കങ്ങൾ നടത്തി എന്ന വിവാദത്തിലെ പ്രവാസിയുടെ കമൻറ് തുടങ്ങിയവയിൽ പ്രതിയോഗികളെ നേരിടാൻ വളരെ മോശമായ ശൈലി ഉപയോഗിക്കുന്ന പ്രവണതയാണ് നാം കണ്ടത്.

ആശയസംവാദത്തിൽ തങ്ങളുടെ ന്യായങ്ങൾ അവതരിപ്പിക്കുന്നതിനും ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനും പകരം കേട്ടാലറക്കുന്ന അശ്ലീലവും തെറിയഭിഷേകങ്ങളും നടത്തി സ്വയം സായൂജ്യമടയുന്ന മാനസികാവസ്ഥയിലേക്ക് ആളുകൾ അധഃപതിക്കുന്നുവോ? ധാർമികത എന്നത് സാമൂഹ്യമാധ്യമങ്ങളിൽ അന്യമാകുന്നു എന്നത് ഗൗരവതരമായ കാര്യമാണ്. തങ്ങളുടെ കാഴ്ചപ്പാടുകളും നിലപാടുകളും ആർക്കും മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കാനും അത് സമർഥിക്കാനും ശ്രമിക്കുന്നതിന് പകരം അധാർമിക മാർഗങ്ങൾ അവലംബിക്കുന്നത് ഇത്തരം ആളുകളുടെ വ്യക്തിത്വത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. അവരുടെ മാനസികാവസ്ഥയാണ് ഇത്തരം പ്രയോഗങ്ങളിലൂടെയും ഇടപെടലുകളിലൂടെയും അനാവരണം ചെയ്യപ്പെടുന്നത്. സ്വന്തത്തെ വികൃതമാക്കുന്ന ഇത്തരം ഇടപെടലുകളിൽ നിന്ന് മാറിനിൽക്കാനുള്ള വിവേകം ഇക്കൂട്ടർക്ക് ഇനിയെങ്കിലും ഉണ്ടാവണം.

സാമൂഹ്യമാധ്യമങ്ങൾ ആധുനിക ലോകത്തെ ഏറ്റവും വലിയ ആശയവിനിമയ മാധ്യമമാണ്. അതുകൊണ്ട് തന്നെ അതിന്റെ അനന്തസാധ്യതകളെ ഉപയോഗിക്കാൻ എല്ലാവരും പരമാവധി ശ്രമിക്കുന്നുണ്ട്. ശക്തമായ ആശയസംവാദങ്ങൾ നടക്കട്ടെ, അത് നല്ല നാളെയുടെ പ്രതീക്ഷകൂടിയാണ്. എന്നാൽ സഭ്യതയുടെ അതിർവരമ്പുകൾ അതിലംഘിക്കുന്ന പ്രവണത ഒരിക്കലും ഉണ്ടാകാവതല്ല. ഉന്നത സം

> **ആശയ സംവാദത്തിൽ തങ്ങളുടെ ന്യായങ്ങൾ അവതരിപ്പിക്കുന്നതിനു പകരം കേട്ടാലറക്കുന്ന അശ്ലീലവും തെറിയഭിഷേകങ്ങളും നടത്തി സ്വയം സായൂജ്യമടയുന്ന മാനസികാവസ്ഥയിലേക്ക് ആളുകൾ അധഃപതിക്കുന്നുവോ? തങ്ങളുടെ കാഴ്ചപ്പാടുകളും നിലപാടുകളും അവതരിപ്പിക്കാനും അത് സമർഥിക്കാനും ശ്രമിക്കുന്നതിന് പകരം അധാർമിക മാർഗങ്ങൾ അവലംബിക്കുന്നത് ഇത്തരം ആളുകളുടെ വ്യക്തിത്വത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. അവരുടെ മാനസികാവസ്ഥയാണ് ഇത്തരം പ്രയോഗങ്ങളിലൂടെയും ഇടപെടലുകളിലൂടെയും അനാവരണം ചെയ്യപ്പെടുന്നത്.**




സ്കാരത്തിന്റെ ഉടമകളായ മലയാളി സമൂഹം ഇത്തരം അനാരോഗ്യ പ്രവണതകൾക്കെതിരെ ശക്തമായ പ്രതിരോധം തീർക്കേണ്ടതുണ്ട്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നിയമങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ നിയമപാലകരും ഭരണാധികാരികളും തയ്യാറാവുക. എങ്കിൽ ഇത്തരക്കാരെ ഒരു പരിധിവരെ നിലയ്ക്ക് നിർത്താൻ സാധിക്കും.

മറ്റൊരു തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ് നാം. കഴിഞ്ഞ രണ്ട് പാർലിമെന്റ് ഇലക്ഷനുകളിലും സംഘപരിവാർ ഐടി സെൽ പുറത്തുവിട്ട വ്യാജ വാർത്തകൾ വ്യാപകമായി പ്രചരിക്കുകയും അതുവഴി തങ്ങൾക്കനുകൂലമായ ഒരു പൊതുബോധം സൃഷ്ടിക്കാൻ അവർ ശ്രമിച്ചിക്കുകയും ചെയ്തിട്ടുണ്ട്. ഇത് തികച്ചും അനാരോഗ്യകരമായ പ്രവണതയാണ്. കള്ളങ്ങൾക്ക് മുകളിൽ പണിയുന്ന സൗധങ്ങൾക്ക് അൽപായുസ്സ് മാത്രമേയുണ്ടാവൂ. ഗീബൽസിയൻ തന്ത്രങ്ങൾക്ക് സാമൂഹ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ പ്രബുദ്ധ കേരളത്തെയും ഈ മാലിന്യങ്ങൾ മൂടുന്ന അവസ്ഥ ഉണ്ടാകരുത്. രാഷ്ട്രീയ കാഴ്ചപ്പാടും നിലപാടുകളും ഉള്ളവരാണ് മലയാളികൾ. അതുകൊണ്ട് തന്നെ ഇത്തരം ഊഹാപോഹങ്ങളും കള്ളവാർത്തകളും തങ്ങളുടെ നിലപാടുകളെ സ്വാധീനിക്കുന്നില്ലെന്ന് ഉറപ്പാക്കണം.

കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പൊതുവിൽ സൈബർ ഇടങ്ങളിലെ അനാരോഗ്യ പ്രവണതകളെ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഇത് ആത്മാർഥമായി നടപ്പിലാക്കാനും തങ്ങളുടെ അണികളെ അത് ബോധ്യപ്പെടുത്താനും ബോധപൂർവമായ ഇടപെടലുകൾ ഉണ്ടാവണം. എല്ലാ സംഘങ്ങൾക്കും ഔദ്യോഗിക ഐടി സംവിധാനങ്ങൾ ഉണ്ട്. അത് മാത്രം ഉപയോഗപ്പെടുത്തിയാവണം നിലപാടുകൾ സമൂഹത്തിന് കൈമാറേണ്ടത്. സുചിന്തിതവും ക്രിയാത്മകവുമായ ഇടപെടലാണ് അവരുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത്. കരുതലോടെ, വൈകാരികതകളെ പാടെ മാറ്റി നിർത്തി തികച്ചും വിവേകപൂർണമായ ഇടപെടലുകൾ മാത്രമെ ഉത്തരവാദപ്പെട്ട സംഘടനകളിൽനിന്നും ഉണ്ടാവാൻ പാടുള്ളൂ.

സ്വയം പടച്ചട്ടയണിഞ്ഞ സൈബർ പോരാളിയാണ് സംഘടനകളുടെ ഔദ്യോഗിക വക്താവ് എന്ന നിലയാണുള്ളത്. അവർ കാണിക്കുന്ന അരുതായ്മക്ക് മറുപടി നൽകാനാവാതെ നേതൃത്വങ്ങൾ വിയർക്കുന്നത് കാണാം; അവസാനം അവരെ തള്ളിപ്പറയുന്ന അവസ്ഥയും. സാമൂഹ്യമാധ്യമങ്ങളിൽ ഇടപെടുന്നവർ തങ്ങളുടെ സമയവും അധ്വാനവും ചിന്തയുമെല്ലാം താൻ പ്രതിനിധാനം ചെയ്യുന്ന ആശയധാരക്ക് മുതൽക്കൂട്ടാവുന്നവിധം ഉപയോഗപ്പെടുത്തണം. അന്യരെ അവഹേളിക്കലും അപമാനിക്കലുമാകരുത് ലക്ഷ്യം.

സൈബർ ഇടങ്ങളിൽ തമ്മിൽതല്ലി ആയുസ്സ് തീർക്കുന്ന അവിവേകികളായി സൈബർ ആക്ടിവിസ്റ്റുകൾ മാറരുത്. നാടിന്റെ സമാധാനവും സംസ്കാരവും കളഞ്ഞുകുളിക്കാൻ തക്കംപാർത്തിരിക്കുന്ന അൽപന്മാർക്ക് മരുന്നിട്ട് കൊടുക്കുന്ന പ്രവണത ആരിൽനിന്നും ഉണ്ടായിക്കൂടാ. അനീതിയോട് പൊരുതുമ്പോൾ നീതിയിലധിഷ്ഠിതമായ പോരാട്ടമാവണം നമ്മിൽ നിന്നും ഉണ്ടാവേണ്ടത്. ലക്ഷ്യം മാത്രം നന്നായാൽ പോരാ അതിനവലംബിക്കുന്ന മാർഗവും നന്നാവേണ്ടത് അനിവാര്യമാണ്. നീതിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളിൽ അനീതിയുടെ കറപുരളുന്നത് നീതിയുടെ ശോഭകെടുത്തും. അത് ഒരിക്കലും ഉണ്ടാകാവതല്ല. അധർമത്തിനും അനീതിക്കും അന്യായങ്ങൾക്കുമെതിരിൽ പൊരുതുമ്പോൾ ധർമവും നീതിയും ന്യായവുമാണ് നമ്മെ നയിക്കേണ്ടത്. അല്ലെങ്കിൽ നമ്മുടെ ശ്രമങ്ങൾ പാഴ്‌വേലകളായി മാറും. ജാഗ്രത കൈവിടാതെ മുന്നേറാൻ നമുക്ക് കണ്ണും കാതും മനസ്സും ഒരുപോലെ വിവേകത്തോടെ ഉപയോഗപ്പെടുത്താം.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# ചുവന്നു തുടുക്കുന്ന സവർണ സംവരണം

**സർക്കാർ നിയമനങ്ങളിൽ പത്ത് ശതമാനം സാമ്പത്തിക സംവരണം കേരള സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. നിലവിലുള്ള 50% സാമുദായിക സംവരണത്തിന് പോറൽ ഏൽപിക്കാതെയാണ് സാമ്പത്തിക സംവരണം നടപ്പാക്കുന്നതെന്ന സർക്കാർ വാദം പൊള്ളയാണെന്ന് തെളിഞ്ഞിരിക്കുകയാണ്. മൊത്തം സീറ്റുകളിൽ നിന്നാണ് അത് നടപ്പാക്കുന്നതെന്ന് സർക്കാർ പ്രയോഗികമായി തെളിയിച്ചു കഴിഞ്ഞു. സർക്കാർ തീരുമാനവും നടപടിയും പിൻവലിക്കണം. സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുമ്പോൾ മുന്നാക്ക പിന്നാക്ക വ്യത്യാസമില്ലാതെ നടപ്പാക്കുകയും വേണം.**

പിന്നാക്ക സമുദായങ്ങളെ ഭീതിയിലാഴ്ത്തിക്കൊണ്ട് കേരള സർക്കാർ പത്തു ശതമാനം സാമ്പത്തിക സംവരണം നടപ്പാക്കിത്തുടങ്ങി. ഇക്കഴിഞ്ഞ ഒക്ടോബർ 21ന് ചേർന്ന മന്ത്രിസഭയുടെ തീരുമാനങ്ങളിലാണ് സാമ്പത്തിക സംവരണത്തെ കുറിച്ചുള്ള പ്രഖ്യാപനം വന്നിരിക്കുന്നത്. 'ഒരുവിധ സംവരണത്തിനും അർഹതയില്ലാത്ത പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർ നിയമനങ്ങളിൽ 10 ശതമാനം സംവരണം നടപ്പാക്കുന്നതിന് കേരള സ്‌റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസിലെ സംവരണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഇന്ന് മന്ത്രിസഭ തീരുമാനിച്ചു. വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ ഈ തീരുമാനത്തിന് പ്രാബല്യമുണ്ടാകും.' മുഖ്യമന്ത്രിയുടെ ഔദ്യോഗിക പേജിലെ പ്രഖ്യാപനമാണിത്.

മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ പിഎസ്‌സിയും വിജ്ഞാപനമിറക്കി. സംസ്ഥാനത്തെ മുഴുവൻ പിന്നാക്ക സമുദായ സംഘടനകളും സർക്കാരിന്റെ തീരുമാനത്തിനെതിരെ രംഗത്തുവന്നുകഴിഞ്ഞു. കക്ഷിരാഷ്ട്രീയത്തിനതീതമായി സാമുദായിക സംവരണത്തിന്റെ സുരക്ഷ ആഗ്രഹിക്കുന്ന എല്ലാവരും ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ്.

പൊതുവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഉദ്യോഗ നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം ഏർപ്പെടുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സർക്കാർ ചൂണ്ടുപലകയായി സ്വീകരിച്ചിരിക്കുന്നത് 103ാം ഭരണഘടനാ ഭേദഗതിയെയും തുടർന്ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളെയുമാണ്. 103ാം ഭരണഘടനാ ഭേദഗതി എന്നുപറയുന്നത് 2019 ജനുവരി 8,9 തീയതികളിൽ പാർലമെന്റിൽ സംഘപരിവാറിന്റെ ആശീർവാദത്തോടെ നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ ബിജെപി കൊണ്ടുവന്ന ഭരണഘടന ഭേദഗതിയാണ്. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടില്ലാത്ത സാമ്പത്തിക സംവരണം എന്ന ആശയത്തിന് നിയമസാധുത ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതുസംബന്ധമായി സുപ്രീംകോടതിയിൽ വരുംകാലങ്ങളിൽ വലിയ ചർച്ചകൾ നടക്കാനിരിക്കുകയാണ്. നിലനിൽക്കുന്ന യാഥാർഥ്യങ്ങളെയും ഭരണഘടനയുടെ അടിസ്ഥാനസ്വഭാവത്തെയും മാറ്റിമറിച്ചുകൊണ്ടല്ലാതെ സുപ്രീംകോടതിക്ക് സാമ്പത്തിക സംവരണത്തെ അംഗീകരിക്കാൻ സാധിക്കില്ല എന്ന കാര്യം ഉറപ്പാണ്.

### സംവരണം എന്ത്, എന്തിന്?

എന്താണ് ഭരണഘടനാപരമായ സംവരണം? എന്തുകൊണ്ടാണ് അത് പലപ്പോഴും വിവാദത്തിൽ പെടുന്നത്? എന്തുകൊണ്ട് സാമ്പത്തിക സംവരണം അംഗീകരിച്ചുകൂടാ? ഇത്തരം ചോദ്യങ്ങൾ സാധാരണക്കാരായ ആളുകൾ പലപ്പോഴും ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. ഇന്ത്യയുടെ ചരിത്രം പരിശോധിക്കുമ്പോൾ കാലാകാലങ്ങളിലായി അധികാരം, ഉദ്യോഗം, രാഷ്ട്രീയം തുടങ്ങിയ പൊതുഇടങ്ങളെല്ലാം കൈവശപ്പെടുത്തിയിരിക്കുന്നത് അഭിജാതരായ ഉന്നത ജാതികളിൽ പെട്ടവരാണ് എന്നു കാണാം. 'വർണാശ്രമം' എന്ന് വിളിക്കപ്പെടുന്ന, ഇന്ത്യയിൽ നിലനിന്നുപോരുന്ന ജാതിവ്യവസ്ഥയാണ് ഇതിനു കാരണം. ഉന്നത ജാതിക്കാർ മാത്രമെ ഉയർന്ന പദവികളും തൊഴിലുകളും അധികാരങ്ങളും കൈവശപ്പെടുത്താവൂ എന്നും, താഴ്ന്ന ജാതിക്കാർ അവരുടെ കുലത്തൊഴിലുകളിലും താഴ്ന്ന ജോലികളിലും മാത്രമെ ഏർപ്പെടാവൂ എന്നുമുള്ള ജാതിവ്യവസ്ഥ നിശ്ചയിച്ച നിയമങ്ങളാണ് ഇതിനു കാരണം. ജാതിവ്യവസ്ഥ സമ്മാനിച്ച ദുരനുഭവങ്ങൾ പേറിയവരിൽ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവരും രാഷ്ട്രശിൽപികളും ഉണ്ടായിരുന്നു. ഇന്ത്യക്ക് മഹത്തായ ഒരു ഭരണഘടന സമ്മാനിക്കാൻ മുന്നിൽനിന്ന ഡോ. ബി.ആർ അംബേദ്കർ താഴ്ന്ന ജാതിക്കാരനായതിന്റെ പേരിൽ ഒട്ടേറെ സഹിച്ച വ്യക്തിയായിരുന്നു. അതുകൊണ്ടുതന്നെ ജാതിവ്യവസ്ഥ അടിച്ചേൽപിക്കുന്ന ദുരന്തങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ കേവലം ബോധവൽക്കരണങ്ങൾ കൊണ്ടാവില്ല എന്ന് മനസ്സിലാക്കിയ അംബേദ്കറെ പോലുള്ളവർ രാഷ്ട്രീയ പരിഹാരത്തിനായി യത്നിച്ചു. അതിന്റെ ഭാഗമായി ഭരണഘടനയിൽ ചില അനുച്ഛേദങ്ങൾ എഴുതിച്ചേർത്തു. ഭരണഘടനയുടെ 15(4), 16(4) തുടങ്ങിയ അനുച്ഛേദങ്ങൾ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ നേരിടുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം സംവരണം ഏർപ്പെടുത്താവുന്നതാണ് എന്ന് വ്യക്തമാക്കുന്നു.

സാമ്പത്തികമായ വളർച്ചയല്ല സാമുദായിക സംവരണത്തിന്റെ ലക്ഷ്യം. രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങളെയും രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കിത്തീർക്കാൻ വേണ്ടിയുള്ള ഒരു സാമൂഹിക നവീകരണ പ്രക്രിയയാണ് സംവരണം. പണം ധാരാളം ഉള്ളതുകൊണ്ട് ഒരു സമുദായം മെച്ചപ്പെടുകയില്ല. മറിച്ച് ആ സമുദായത്തിനുകൂടി രാജ്യത്തിന്റെ ഭരണ, ഉദ്യോഗ, നീതിന്യായ വ്യവസ്ഥകളിലെ


> **സാമ്പത്തികമായ വളർച്ചയല്ല സാമുദായിക സംവരണത്തിന്റെ ലക്ഷ്യം. രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങളെയും രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കിത്തീർക്കാൻ വേണ്ടിയുള്ള ഒരു സാമൂഹിക നവീകരണ പ്രക്രിയയാണ് സംവരണം. പണം ധാരാളം ഉള്ളതുകൊണ്ട് ഒരു സമുദായം മെച്ചപ്പെടുകയില്ല. മറിച്ച് ആ സമുദായത്തിനുകൂടി രാജ്യത്തിന്റെ ഭരണ, ഉദ്യോഗ, നീതിന്യായ വ്യവസ്ഥകളിലെല്ലാം പങ്കുണ്ടാകുമ്പോഴാണ് ആ സമുദായത്തിന് പുരോഗതി ഉണ്ടാവുക.**

ല്ലാം പങ്കുണ്ടാകുമ്പോഴാണ് ആ സമുദായത്തിന് പുരോഗതി ഉണ്ടാവുക. പൗരത്വ പ്രശ്നം ഒരു ഉദാഹരണമാണ്. മുസ്‌ലിം സമുദായത്തിൽ ധാരാളം പണക്കാരുണ്ട്. പക്ഷേ, അവർക്ക് പൗരത്വമോ രാജ്യത്തിന്റെ ഭരണാധികാരിക ളെ നിശ്ചയിക്കാനുള്ള അവകാശമോ ഭരണത്തിലെ കുഞ്ചിക സ്ഥാനങ്ങളോ ഒന്നുമില്ലെങ്കിൽ പണം ഒന്നിനും ഉപകരിക്കില്ല എന്നത് വ്യക്തമാണ്. തിരുവിതാംകൂർ ചരിത്രത്തിൽ അറിയപ്പെടുന്ന ഈഴവനായി രുന്ന ആലുംമൂട്ടിൽ ചാന്നാർ അതിസമ്പന്നനായിരുന്നുവെങ്കിലും അയിത്തജാതിക്കാരനായിരുന്നതിനാൽ പൊതുനിരത്തുകളിലൂടെ യാത്രചെയ്യാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനില്ലായിരുന്നു എന്ന ചരിത്രം സംവരണം എന്തിനാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. കേരള മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ അതികായനായ സീതിസാഹിബ് പറയാറുള്ള ഒരു ഉദാഹരണമുണ്ട്: 'കൊണ്ടോട്ടിയിലെ അധികാരിയെക്കാൾ പതിന്മടങ്ങ് സാമ്പത്തികസ്ഥിതി കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റ് നടത്തുന്ന ഒരു ഹാജിയാർക്ക് ഉണ്ടായിരുന്നിരിക്കാം. പക്ഷേ, ഹാജിയാർക്ക് അധികാരത്തിന്റെ നാലയലത്തേക്ക് പ്രവേശിക്കാൻ സാധിക്കില്ല.'

കൊരമ്പയിൽ അഹമ്മദ്ഹാജി നിയമസഭയിലെ സംവരണ ചർച്ചയിൽ പറഞ്ഞ ഒരു സംഭവം ഇങ്ങനെയാണ്: 'എന്റെ നാട്ടിൽ, ഏറനാട് താലൂക്കിൽ ഏറ്റവും വലിയ പണക്കാരനായ ഒരാൾ, ഒരു അയ്യർ വക്കീലിന്റെ അടുത്തു പോയി മുണ്ട് ഒക്കത്തുവച്ച് മുറ്റത്തുനിന്ന് തന്റെ കേസുകൾ പറഞ്ഞുകൊടുക്കുന്ന കാഴ്ച എന്റെ കണ്ണുകൊണ്ട് ഞാൻ കണ്ടിട്ടുണ്ട്. സാമ്പത്തികമായാണെങ്കിൽ ഏറ്റവും ഉയർന്ന ഒരാളാണ്.'

## സംവരണത്തിന്റെ കമ്യൂണിസ്റ്റ് തത്ത്വശാസ്ത്രം

കേന്ദ്രസർക്കാർ സാമ്പത്തിക സംവരണത്തിന് വേണ്ടിയുള്ള നിയമം പാസാക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തതുകൊണ്ടാണ് കേരളത്തിൽ പത്തുശതമാനം സാമ്പത്തിക സംവരണം നടപ്പാക്കിയത് എന്നാണ് മുഖ്യമന്ത്രിയുടെ വിശദീകരണം. എന്നാൽ ഭരണഘടനയിൽ 15(6),16(6) എന്നിങ്ങനെ പുതുതായി എഴുതിച്ചേർത്ത അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് സാമ്പത്തികമായി അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ ജോലികളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പ്രവേശനം നൽകണോ വേണ്ടയോ എന്ന കാര്യം സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാവുന്നതാണ് എന്ന് സുപ്രീംകോടതിയിൽ കേന്ദ്ര സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. (https://pib.gov.in/PressReleasePage.aspx?PRID=1602081).



കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണാടകയിലും സാമ്പത്തിക സംവരണം നടപ്പാക്കിയിട്ടില്ല. അപ്പോൾ കേന്ദ്രസർക്കാർ വിജ്ഞാപനങ്ങളാണ് കേരളത്തിൽ സാമ്പത്തിക സംവരണം നടപ്പാക്കാനുള്ള കാരണമെന്ന കേരള മുഖ്യമന്ത്രിയുടെ വാദം നീതീകരണം അർഹിക്കുന്നില്ല. മാത്രവുമല്ല കേന്ദ്രനിയമം വരുന്നതിന് മൂന്നുവർഷം മുമ്പ്, 2017 നവംബറിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ 10 ശതമാനം സാമ്പത്തിക സംവരണം കേരളസർക്കാർ നടപ്പാക്കിയിട്ടുണ്ട്. അന്നുതന്നെ ഇക്കാര്യം 'നേർപഥം' ചൂണ്ടിക്കാണിച്ചിട്ടുണ്ട്. (http://nerpatham.com/volno01/samvaranamveentumattimarrikkappetukayo.htm).

അപ്പോൾ പിന്നെ എന്തിനാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ ധൃതിപിടിച്ച് ഇത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? ഇടതുപക്ഷത്തെ നയിച്ചുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് സൈദ്ധാന്തികതയാണ് അവരെ സാമ്പത്തിക സംവരണത്തിലേക്ക് നയിക്കുന്നത്. കമ്യൂണിസ്റ്റ് സിദ്ധാന്തപ്രകാരം മേൽ, കീഴ് എന്നിങ്ങനെ രണ്ടു വർഗങ്ങൾ മാത്രമേയുള്ളൂ. അത് യഥാക്രമം ധനിക, ദരിദ്ര വർഗങ്ങളാണ്. കമ്യൂണി

സ്റ്റ് മാർക്സിസ്റ്റ് സൈദ്ധാന്തികതയുടെ ഉപാസകനായ ഇഎംഎസിന്റെ വിശദീകരണം നോക്കുക: "സിപിഐഎം അടക്കമുള്ള ഇടതുപക്ഷക്കാരാകട്ടെ സാമൂഹികനീതിയെ കാണുന്നത് ധനിക, ദരിദ്ര വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽജാതിക്കാർക്കെതിരായ കീഴ്ജാതിക്കാരുടെ സമരത്തെപ്പോലും ഉള്ളവർക്കെതിരായി ഇല്ലാത്തവർ നടത്തുന്ന സമരത്തിന്റെ ഭാഗമായാണ് മാർക്സിസ്റ്റ് ലെനിനിസ്റ്റുകാർ കാണുന്നത്" (ചിന്ത വാരിക 12.04.1991). ജാതിവ്യവസ്ഥമൂലം ഉണ്ടായിട്ടുള്ള പിന്നാക്കാവസ്ഥകളെ മാർക്സിയൻ വർഗ സിദ്ധാന്തങ്ങൾക്കൊപ്പിച്ച് വ്യാഖ്യാനിച്ചുകൊണ്ട് അതിനെ ഒരു ധനിക, ദരിദ്ര പോരാട്ടമാക്കി ചിത്രീകരിക്കുകയാണ് കമ്യൂണിസ്റ്റുകൾ പൊതുവിൽ ചെയ്തുവരുന്നത്. അങ്ങനെ വരുമ്പോൾ പിന്നാക്കാവസ്ഥയുടെ കാരണം സാമ്പത്തികമാണെന്ന് പറയാൻ അവർ നിർബന്ധിതരാകുന്നു.

1957ൽ ഇഎംഎസിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ സർക്കാർ വന്നതുമുതൽ ഇന്നുവരെ സാമുദായിക സംവരണത്തെ ഇല്ലാതാക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടന്നതായി കാണാൻ സാധിക്കും. ഇന്ത്യയിൽ തന്നെ ഇതിന് തുടക്കം കുറിച്ചത് 1958ൽ കേരള സർക്കാരിന്റെ ഭരണപരിഷ്കാര കമ്മിറ്റിയാണ്. സാമുദായിക സംവരണം ജാതിചിന്തയെ ശാശ്വതീകരിക്കും, കൂടുതൽ സമുദായങ്ങൾ സംവരണ മുറവിളിയുമായി രംഗത്തുവരും, സിവിൽ സർവീസിന്റെ കാര്യക്ഷമത കുറയും തുടങ്ങിയ നിരീക്ഷണങ്ങളാണ് ആ കമ്മിറ്റി മുമ്പോട്ടുവച്ചത്. സാമുദായിക സംവരണമല്ല, സാമ്പത്തിക സംവരണമാണ് വേണ്ടതെന്നും കമ്മിറ്റിയുടെ റിപ്പോർട്ടിൽ എഴുതപ്പെട്ടു. സാമുദായിക സംവരണം നിലനിർത്തണമെന്ന് പറയുന്നതോടൊപ്പം പ്രധാനമായും രണ്ടു വാദങ്ങളായിരുന്നു ഭരണപരിഷ്കാര കമ്മിറ്റിയും സർക്കാരും അവരെ പിന്തുണച്ചിരുന്നവരും പറഞ്ഞിരുന്നത്. പിന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തിക അഭിവൃദ്ധി നേടിയ പലരുമുണ്ട്; അവരെ സംവരണത്തിൽ നിന്നൊഴിവാക്കണം. അതുപോലെ മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി കഷ്ടപ്പെടുന്നവരുണ്ട്; അവർക്ക് സംവരണം നൽകണം.

ഇഎംഎസ് പറയുന്നു: "മുതലാളിത്ത വളർച്ച മൂലമുണ്ടാകുന്ന ദാരിദ്ര്യത്തിന്റെ സന്തതിയായ അവശത കൾക്കും പിന്നോക്കാവസ്ഥക്കും ഇത് (ജാതി സംവരണം) പരിഹാരമല്ല. പക്ഷേ, മുതലാളിത്ത വളർച്ചയുടെ അനിവാര്യഫലമായിത്തന്നെ പിന്നോക്ക ജാതികളിൽ നിന്ന് ചെറുന്യൂനപക്ഷമാണെങ്കിലും ഒരു വരേണ്യ വർഗം ഉയർന്നുവരുന്നു. നേരെമറിച്ച് മുന്നോക്ക ജാതികളിൽപെട്ട പതിനായിരങ്ങൾ ദരിദ്രവിഭാഗങ്ങളിലേക്ക് എടുത്തെറിയപ്പെടുന്നു" (ഇഎംഎസ് സമ്പൂർണ കൃതികൾ, സഞ്ചിക 60, പേജ് 283).

ഇന്ത്യയുടെ ആത്മാവു കണ്ട, പിന്നാക്കാവസ്ഥയുടെ അടിസ്ഥാന കാരണങ്ങൾ മനസ്സിലാക്കിയ ഭരണ ഘടനാശിൽപികൾ പരിഹാരമായി കണ്ടെത്തിയ സംവരണത്തിന്റെ അവകാശം അതിന് ഒരിക്കലും പരിഗണിക്കാൻ പാടില്ലാത്ത വിഭാഗങ്ങൾക്കുകൂടി വീതിച്ചുനൽകി വരേണ്യവിഭാഗങ്ങളെ തൃപ്തിപ്പെടുത്താനുള്ള വേലയാണിത് എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

'പിന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തിക അഭിവൃദ്ധി നേടിയ പലരുമുണ്ട്; അവരെ സംവരണത്തിൽ നിന്നൊഴിവാക്കണം' എന്ന ഇവരുടെ വാദമാണ് പിന്നീട് 'ക്രീമിലയെർ' (പിന്നാക്കക്കാരിലെ മേൽത്തട്ടുകാർ) ആയി പരിണമിച്ചത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒബിസി വിഭാഗക്കാർക്ക് 27% സംവരണം അനുവദിച്ചപ്പോൾ സുപ്രീംകോടതിയിൽ അത് ചോദ്യം ചെയ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നടന്ന വാദങ്ങൾക്കൊടുവിൽ ഒബിസി സംവരണം സുപ്രീംകോടതി അംഗീകരിക്കുകയും എന്നാൽ ഒബിസിയിലെ 'മേൽത്തട്ടുകാരെ' ഒഴിവാക്കണം എന്ന് നിർദേശിക്കുകയും ചെയ്തു. സംവരണ വിരുദ്ധർ വളരെക്കാലമായി നടത്തിയ കുപ്രചാരണത്തിന്റെ സന്തതിയായിരുന്നു ഈ ക്രീമിലെയർ.

**"1957ൽ ഇഎംഎസിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ സർക്കാർ വന്നതുമുതൽ ഇന്നുവരെ സാമുദായിക സംവരണത്തെ ഇല്ലാതാക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടന്നതായി കാണാൻ സാധിക്കും. ഇന്ത്യയിൽ തന്നെ ഇതിന് തുടക്കം കുറിച്ചത് 1958ൽ കേരള സർക്കാരിന്റെ ഭരണപരിഷ്കാര കമ്മിറ്റിയാണ്. സാമുദായിക സംവരണം ജാതിചിന്തയെ ശാശ്വതീകരിക്കും, കൂടുതൽ സമുദായങ്ങൾ സംവരണ മുറവിളിയുമായി രംഗത്തുവരും തുടങ്ങിയ നിരീക്ഷണങ്ങളാണ് ആ കമ്മിറ്റി മുമ്പോട്ടുവച്ചത്. സാമുദായിക സംവരണമല്ല, സാമ്പത്തിക സംവരണമാണ് വേണ്ടതെന്നും കമ്മിറ്റിയുടെ റിപ്പോർട്ടിൽ എഴുതപ്പെട്ടു."**



മുഖ്യമന്ത്രിയുടെ ഉറപ്പ്. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി നൽകുന്ന ഉറപ്പാണിത്. അത് പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും ബാധ്യതയുണ്ട്. എന്നാൽ ഫലത്തിൽ സംഭവിച്ചതെന്താണ്? 'ജനറൽ' വിഭാഗത്തിൽനിന്നല്ല സാമ്പത്തിക സംവരണം നൽകിയത്; മൊത്തം എണ്ണ ത്തിൽനിന്നാണ്. സത്യത്തിൽ ഈ വിഷയത്തിൽ ഭരണപരിഷ്കാര കമ്മിറ്റിയും തുടർന്ന് സാമ്പത്തിക സംവരണത്തിനു വേണ്ടി വാദിച്ചവരും സാമ്പത്തിക സംവരണത്തിന്റെ വീതംവയ്പ് എങ്ങനെയായിരിക്കണമെന്ന് എഴുതിയത് വായിച്ചാൽ സംഭവിച്ചത് അബദ്ധവശാൽ അല്ല, മനഃപൂർവമാണെന്നു ബോധ്യപ്പെടാൻ വലിയ പ്രയാസമില്ല. അത് ഇങ്ങനെയാണ്: '1) അവശജാതിക്കാർക്കുള്ള സംവരണം ജാതിയുടെ അടിസ്ഥാനത്തിൽ തന്നെ തുടരുക. 2) സംവരണാനുകൂല്യം ലഭിക്കുന്ന സമുദായങ്ങളിൽ പെട്ട കീഴ്ത്തട്ടുകാരിൽനിന്ന് അർഹതയുള്ള ഉദ്യോഗാർഥികൾ വരുന്നില്ലെങ്കിൽ മേൽത്തട്ടുകാർക്ക് നൽകണം. 3) മുന്നോക്ക വിഭാഗങ്ങളിലെ ദരിദ്രവിഭാഗങ്ങൾക്ക് മൊത്തം ഉദ്യോഗത്തിന്റെ പത്ത് ശതമാനം നൽകണം' (ഇഎംഎസ്, ചിന്ത വാരിക 14.03.1997). പണ്ട് ഇഎംഎസ് എഴുതിവച്ച ഈ നിർദേശങ്ങളാണ് ഇപ്പോൾ യാഥാർഥ്യമാക്കിയിരിക്കുന്നത്.

## വ്യതിയാനം റെയിലിന്റെ വളവുപോലെ

സാമുദായിക സംവരണത്തെ കുഴിച്ചുമൂടി പകരം സാമ്പത്തിക സംവരണം നടപ്പാക്കൽ അത്ര എളുപ്പമല്ലെന്നറിയാവുന്നതുകൊണ്ട് സാമുദായിക സംവരണത്തിന് ചില വ്യതിയാനങ്ങൾ ഏർപ്പെടുത്തുകയാണ് എളുപ്പവഴി എന്ന് സാമ്പത്തിക സംവരണത്തിന്റെ വക്താക്കൾ മനസ്സിലാക്കി. മുകളിലെ രണ്ടാം നിർദേശത്തിൽ കണ്ടതുപോലെ 'സംവരണാനുകൂല്യം ലഭിക്കുന്ന സമുദായങ്ങളിൽ പെട്ട കീഴ്ത്തട്ടുകാരിൽനിന്ന് അർഹതയുള്ള ഉദ്യോഗാർഥികൾ വരുന്നില്ലെങ്കിൽ മേൽത്തട്ടുകാർക്ക് നൽകണം' എന്ന നിർദേശം ഇത്തരത്തിലുള്ള ഒന്നാണ്. പലപ്പോഴും സംവരണ വിഭാഗങ്ങളിൽനിന്ന് അർഹരായ ഉദ്യോഗാർഥികൾ വരുന്നില്ല എന്ന കാരണം പറഞ്ഞ് അവർക്ക് ലഭിക്കേണ്ട ഉദ്യോഗം മറ്റുള്ളവർക്ക് നൽകുവാനുള്ള സൂത്രമാണിത്. ഒന്നാം ഇഎംഎസ് സർക്കാർ കേരള സ്റ്റേറ്റ്&സബോർഡിനേറ്റ് സർവീസ് റൂൾസ് തയ്യാറാക്കിയപ്പോൾ ഇത്തരത്തിലുള്ള ഒരു സൂത്രം ഒപ്പിച്ചു: "If no suitable candidate is available for selection in any of the communities or group of communities selection shall be made from open competition candidates" [Part II 15(b)]. ഏതെങ്കിലും കമ്യൂണിറ്റികളിൽ തിരഞ്ഞെടുക്കുന്നതിന് അനുയോജ്യമായ ഉദ്യോഗാർഥികളെയൊന്നും ലഭ്യമായില്ലെങ്കിൽ, പൊതുവിഭാഗത്തിലെ ഉദ്യോഗാർഥികളിൽനിന്നും തിരഞ്ഞെടുക്കപ്പെടും. ഒരു വിഭാഗത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ മറ്റൊരു വിഭാഗത്തിൽനിന്നും എടുക്കുക എന്ന് കേൾക്കുമ്പോൾ അതിനു വലിയ കുഴപ്പം തോ

## മൊത്തം സീറ്റിൽനിന്നും 10% സർക്കാർ അറിയാതെയാണോ?

സാമ്പത്തിക സംവരണം നടപ്പാക്കുമ്പോൾ അതിന്റെ വീതംവയ്പ് എങ്ങനെയായിരിക്കണമെന്നത് ഒരു പ്രത്യേക വിഷയമാണല്ലോ. മുഖ്യമന്ത്രിയുടെ വാക്കുകൾ ശ്രദ്ധിക്കാം: 'നിലവിൽ പട്ടികജാതി, പട്ടിക വർഗക്കാർക്കും പിന്നോക്ക സമുദായങ്ങൾക്കുമായി 50 ശതമാനം സംവരണമാണ് നൽകുന്നത്. പുതുതായി നടപ്പാക്കുന്ന 10 ശതമാനം സംവരണം, നിലവിലുള്ള സംവരണ വിഭാഗങ്ങളെ ബാധിക്കില്ല. പൊതുവി ഭാഗത്തിൽനിന്നാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്നത്' (മുഖ്യമന്ത്രി, https/www.keralacm.gov.in/mal/?author=7).

സാമുദായിക സംവരണ വിഭാഗങ്ങളുടെ ശതമാനത്തിന് ഇളക്കം തട്ടുകയില്ലെന്നും 'ജനറൽ' വിഭാഗത്തിൽനിന്നായിരിക്കും നൽകുക എന്നുമാണല്ലോ

ന്നുകയില്ല. പക്ഷേ, സംവരണ വിഭാഗങ്ങളിൽ അധികവും പലതരത്തിലുള്ള പോരായ്മകളും അവശതകളും അനുഭവിക്കുന്നവരാണ്. അവരിൽനിന്നും ലഭ്യമായില്ലെങ്കിൽ ലഭ്യമാ ക്കാനുള്ള ശ്രമമാണ് നടത്തേണ്ടിയിരുന്നത്. കെഎസ്&എസ്എസ്ആറിൽ അത്തരത്തിലുള്ള നിർദേശമാണ് വെക്കേണ്ടിയിരുന്നത്.

സംവരണ വിഭാഗങ്ങളിൽനിന്നും അർഹരായ ആളുകളെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്താതെ മേൽത്തട്ടുകാരെ നിയമിച്ചതുകൊണ്ട് എന്തുസംഭവിച്ചു എന്ന് 2002ലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നമ്മോട് വിളിച്ചുപറഞ്ഞിട്ടുണ്ട്. പിന്നാക്കക്കാർക്ക് അത്രയും കാലം നഷ്ടമായ ഉദ്യോഗങ്ങളുടെ കണക്കാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. ഈ പ്രാതിനിധ്യക്കുറവ് (ബാക്ക്‌ലോഗ്) പരിഹരിക്കാനാണ് കമ്മീഷൻ നിർദേശിച്ചിരുന്നത്. എന്നാൽ എൻഎസ്എസ് അടക്കമുള്ളവരുടെ ഭീഷണിക്ക് മുമ്പിൽ യുഡിഎഫിനും എൽഡിഎഫിനും ഒന്നും ചെയ്യാൻ സാധിച്ചില്ല. പക്ഷേ, 2006ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹം ഒരു കാര്യം ചെയ്തു. കെഎസ്&എസ്എസ്ആറിലെ പ്രസ്തുത ചട്ടം ഭേദഗതി ചെയ്തു ഉത്തരവിറക്കി. [G.O.(P) No.7/2006/ P&ARD dated 08/03/2006].

ഭാവിയിൽ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ അത് സഹായകമാകുമെങ്കിലും നഷ്ടപ്പെട്ടുപോയ ഉദ്യോഗങ്ങൾ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. കാരണങ്ങൾ എന്തോ ആകട്ടെ, ഏതെങ്കിലും വിഭാഗങ്ങൾക്ക് അവർക്ക് ലഭ്യമാക്കേണ്ട ഉദ്യോഗങ്ങൾ നഷ്ടമായാൽ അത് അവർക്കു തന്നെ ലഭ്യമാക്കാനുള്ള ശ്രമമാണ് സർക്കാരും പിഎസ്‌സിയും മറ്റു വകുപ്പുകളും ചെയ്യേണ്ടത്.

പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പിഎസ്പി) നേതാവ് പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ 1961ൽ അദ്ദേഹം ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റിൽ മുസ്‌ലിംകളും പട്ടികജാതിവർഗക്കാരും മറ്റു പിന്നാക്ക ക്രിസ്തീയ വിഭാഗങ്ങളും കുറവായിരുന്ന കാലമായിരുന്നു അത്. സെക്രട്ടറിയേറ്റിലേക്കും മറ്റു ചില വകുപ്പുകളിലേക്കും പിഎസ്‌സി നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ അതിൽ പിന്നാക്ക വിഭാഗക്കാർ ഇല്ലായിരുന്നു. മുഖ്യമന്ത്രി ഇടപെട്ടു ഒരു സപ്ലിമെന്ററി പരീക്ഷ നടത്തിച്ചു. അതുവഴി 20 മുസ്‌ലിംകൾ, 11 എസ്‌സി, എസ്ടി അടക്കമുള്ള പിന്നാക്ക വിഭാഗക്കാരുടെ ലിസ്റ്റ് പിഎസ്‌സിക്ക് പ്രസിദ്ധീകരിക്കേണ്ടിവന്നു. പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനായി ആത്മാർഥതയും ഇച്ഛാശക്തിയുമുള്ള ഭരണാധികാരികൾ സ്വീകരിക്കേണ്ട മാർഗം ഇതുപോലെയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആണ്. പക്ഷേ, പലപ്പോഴും വരേണ്യ വിഭാഗങ്ങളുടെ ഭീഷണിക്ക് വഴങ്ങി നട്ടെല്ല് ചുരുട്ടിക്കെട്ടുകയാണ് പലരും ചെയ്തിട്ടുള്ളത്.

### നെട്ടൂർ കമ്മീഷൻ റിപ്പോർട്ട്

1967ൽ ഹൈക്കോടതിയുടെ നിർദേശപ്രകാരം രണ്ടാം ഇഎംഎസ് സർക്കാർ നിശ്ചയിച്ച കമ്മീഷനാ യിരുന്നു നെട്ടൂർ കമ്മീഷൻ റിപ്പോർട്ട്. നെട്ടൂരിന്റെ റിപ്പോർട്ട് ഭരണപരിഷ്‌കാര കമ്മിറ്റിയുടെ പ്രതിബിംബം മാത്രമായിരുന്നു. സാമ്പത്തിക സംവരണം നടപ്പാക്കണമെന്നും പിന്നാക്കക്കാരിലെ 'മുന്നാക്കക്കാർക്ക്' സംവരണം അനുവദിക്കാൻ പാടില്ലെന്നും 8000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് മാത്രമെ സാമുദായിക സംവരണത്തിന്റെ ആനുകൂല്യം അനുവദിക്കാനാവൂ എന്നുമായിരുന്നു റിപ്പോർട്ടിന്റെ കാതൽ. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ സി. അച്യുതമേനോൻ ആയിരുന്നു മുഖ്യമന്ത്രി. റിപ്പോ ർട്ടിന്മേൽ വലിയ ചർച്ചകളും വാഗ്വാദങ്ങളും നിയമസഭയിൽ അരങ്ങേറി. ഇഎംഎസ് വീണ്ടും ലേഖനയുദ്ധം ആരംഭിച്ചു. പിന്നാക്കവിഭാഗ പ്രതിനിധികൾ നിയമസഭയിൽ ശക്തമായി നേരിട്ടതിനെ തുടർന്ന് സാമ്പത്തിക സംവരണം നടപ്പാക്കാനോ പിന്നാക്കക്കാരിലെ മുന്നാക്കക്കാരെ ഒഴിവാക്കാനോ സവർണത്വം പേറുന്ന സംവരണ വിരുദ്ധർക്ക് സാധിച്ചില്ല.

### സാമ്പത്തിക സംവരണം മുട്ടുമടക്കിയിട്ടുണ്ട്

കേരളത്തിൽ ഭരണപരിഷ്‌കാര കമ്മിറ്റി മുതൽ തുടങ്ങിവച്ച സാമ്പത്തിക സംവരണ വാദം പലപ്പോഴും മുട്ടുമടക്കിയ ചരിത്രമാണുള്ളത്. 1987ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ സാമ്പത്തിക സംവരണം നടപ്പാക്കാൻ ശ്രമം നടത്തി. പക്ഷേ, പിന്നാക്ക വിഭാഗങ്ങളുടെ ശക്തമായ ചെറുത്തുനിൽപ്പും രാഷ്ട്രീയ ഇച്ഛാശക്തിയും ഒത്തുചേർന്നപ്പോൾ കരുണാകരന് അത് പിൻവലിക്കേണ്ടി വന്നു. 'ചന്ദ്രിക' കരുണാക രനെതിരെയും സാമ്പത്തിക സംവരണത്തിനെതിരെയും വളരെ ശക്തമായി അക്കാലത്ത് തൂലിക ചലിപ്പിച്ചിരുന്നു. പ്രധാനമന്ത്രിയായിരിക്കെ 1991ൽ പി.വി നരസിംഹറാവു സാമ്പത്തിക സംവരണം കൊണ്ടു വരാൻ ശ്രമിച്ചെങ്കിലും സുപ്രീംകോടതിയുടെ ഇടപെടൽ കാരണം ഉപേക്ഷിക്കേണ്ടി വന്നു.

## മുന്നാക്കക്കാരിലെ ദരിദ്രർക്ക് സംവരണം വേണ്ടേ?

മുന്നാക്കക്കാരിലെയും പിന്നാക്കക്കാരിലെയും ദരിദ്രവിഭാഗങ്ങൾക്ക് അവരുടെ സാമ്പത്തികാവസ്ഥകൾ പരിഹരിക്കുന്നതിനുള്ള പാക്കേജുകൾ പ്രഖ്യാപിക്കുന്നതിന് ആരും ഇവിടെ എതിരല്ല. അത്തരം പാക്കേജുകൾ വേണമെന്നാണ് എല്ലാവരും പറയുന്നത്. അതിനു പക്ഷേ, സാമുദായിക സംവരണത്തെ ബുദ്ധിമുട്ടിക്കുകയല്ല വേണ്ടത്. സാമുദായിക സംവരണവും സാമ്പത്തിക പാക്കേജുകളും തമ്മിൽ വലിയ വ്യത്യാസ മുണ്ട്. സാമുദായിക സംവരണത്തിന് വേണ്ടി വാദിക്കുന്നവർ ഇക്കാര്യം നേരത്തെ പറഞ്ഞിട്ടുള്ളതാണ്. 'പാവങ്ങളെയും പണക്കാരെയും കൂടി ഈ വകുപ്പുകളുമായി കൂട്ടിക്കുഴച്ചാൽ നിയമപരമായി തന്നെ വേണ്ടാത്ത കുഴപ്പങ്ങളെല്ലാം ഉണ്ടാകുന്നതായിരിക്കും. പാവപ്പെട്ടവരെ സംബന്ധിച്ചാണെങ്കിൽ ഭരണഘടന 340ാം വകുപ്പനുസരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് വേണ്ടി സഹായം നൽകാൻ ഉത്തരവുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഗവർമെന്റിൽ നിക്ഷിപ്തമാണ്. അതനുസരിച്ച് ഗവർമെന്റ് വേണ്ടത് ചെയ്തുകൊള്ളണം എന്നല്ലാതെ സാമുദായിക പ്രാതിനിധ്യവുമായി ആ പ്രശ്നം കൂട്ടിക്കുഴക്കരുത്' (സിഎച്ച് മുഹമ്മദ്കോയ, നിയമസഭാ പ്രസംഗം 1958, ഡിസംബർ 2).

## സർക്കാർ പറയുന്ന ചില പരിമിതികൾ

കേരളത്തിൽ സാമുദായിക സംവരണം 50 ശതമാനമാണ്. സംവരണം 50 ശതമാനത്തിൽ കൂടാൻ പാടില്ല എന്ന് സുപ്രീം കോടതി നിബന്ധനവച്ചിട്ടുണ്ട്. അതുകൊണ്ട് നിലവിലുള്ള 50 ശതമാനം സാമുദായിക സംവരണത്തിന്റെ പുറമെ സാമ്പത്തിക സംവരണം നൽകാൻ സാധിക്കില്ല. മൊത്തം എണ്ണത്തിൽ നിന്ന് മാത്രമെ ശതമാനം കണക്കാക്കാൻ സാധിക്കൂ. ഇതൊക്കെയാണ് സർക്കാറിന്റെ ന്യായീകരണങ്ങൾ. ഒരു വിഭാഗത്തിന്റെ അവകാശത്തിൽ കൈയിട്ടുവാരിയിട്ടാണോ മറ്റൊരു വിഭാഗത്തിന് പുതിയ ആനുകൂല്യം നൽകുന്നത്? പുതിയ ആനുകൂല്യം നൽകുന്നതിന് നിയമപരമായ മറ്റു മാർഗങ്ങൾ അന്വേഷിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തിയിലൂടെ സുപ്രീംകോടതിയുടെ നിബന്ധന മറികടക്കാനുള്ള ആർജവം കാണിക്കുകയാണ് വേണ്ടത്. തമിഴ്നാട്ടിൽ ഇപ്പോഴും സംവരണം 69 ശതമാനമാണ്. 1992ൽ ഇന്ദിരാസാഹ്നി വിധിയെ തുടർന്ന് സംവരണം 50 ശതമാനത്തിൽ നിജപ്പെടുത്തണമെന്ന സുപ്രീംകോടതി യുടെ വിധിയുണ്ടായിട്ടും 69 ശതമാനം സംവരണം ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപ്പെടുത്തി തമിഴ്നാട് കാര്യം സാധിച്ചു. എന്തുകൊണ്ട് കേരളത്തിന് അത് സാധിക്കുന്നില്ല? സർക്കാർ പറയുന്ന ഇത്തരം ന്യായങ്ങളും വാദങ്ങളും പിന്നാക്ക സമുദായങ്ങൾക്ക് അറിയേണ്ട കാര്യമില്ല. സർക്കാർ അനാവശ്യമായി ഉണ്ടാക്കിയെടുത്ത പ്രശ്നമാണിത്. അത് സർക്കാർ തന്നെ പരിഹരിക്കുകയാണ് വേണ്ടത്.

സാമുദായിക സംവരണത്തിന്റെ കൂടാരത്തിനുചുറ്റും കറങ്ങിത്തിരിഞ്ഞ് പതുക്കെപ്പതുക്കെ അതി നുള്ളിലേക്ക് ചേക്കേറിയ സവർണ സംവരണം ഇപ്പോൾ ചുവന്നു തുടുത്തുകൊണ്ടിരിക്കുകയാണ്. ചുവന്നു തുടുത്ത സവർണ സംവരണത്തിന്റെ അടുത്ത ലക്ഷ്യം പിന്നാക്ക വിഭാഗങ്ങളുടെ 'മുന്നാക്കാവസ്ഥ'യുടെ ഗ്രാഫ് ഉയർത്തിക്കാണിക്കുകയും മുന്നാക്കക്കാരിലെ 'ദാരിദ്ര്യ'ത്തിന്റെ ഗ്രാഫ് വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. അങ്ങനെ പടിപടിയായി പിന്നാക്കവിഭാഗങ്ങൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഓരോന്നോരോന്നായി വെട്ടിക്കുറച്ച് സംവരണകൂടാരവും അടക്കിവാഴാനുള്ള ഗൂഢപദ്ധതികളാണ് ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. സാമ്പത്തിക സംവരണത്തിന് മുൻകാല പ്രാബല്യം വേണമെന്ന എൻഎസ്എസ് നേതാവിന്റെ പ്രസ്താവന ഇതാണ് സൂചിപ്പിക്കുന്നത്.

സാമുദായിക സംവരണം നേടിയെടുത്തതിന് തുല്യതയില്ലാത്ത പോരാട്ടത്തിന്റെ ചരിത്രമുണ്ട്. ആ ചരിത്രം ഓർമിക്കുവാൻ സംവരണ സമുദായങ്ങൾ ഇടക്കെങ്കിലും സമയം കണ്ടെത്തേണ്ടതുണ്ട്. തമിഴ് ബ്രാഹ്മണർ ഉദ്യോഗരംഗം കുത്തകയാക്കിവച്ചപ്പോഴാണ് മലയാളികൾ മൊത്തത്തിൽ സംവരണത്തിനായി 1891ൽ യോജിച്ചുനിന്ന് പോരാടിയത്. അതിന്റെ ഫലം നായർ വിഭാഗം മാത്രം അനുഭവിച്ചുവന്നപ്പോഴാണ് 1896ൽ ഈഴവ മെമ്മോറിയൽ രൂപംകൊണ്ടത്. പിന്നീട് ഈഴവ, മുസ്ലിം, ക്രൈസ്തവ വിഭാഗങ്ങൾ ഒന്നിച്ചുനിന്നുകൊണ്ടാണ് 1933ൽ നിവർത്തനപ്രക്ഷോഭം ആരംഭിച്ചത്. അതിന്റെ സൽഫലങ്ങളാണ് പിന്നാക്ക വിഭാഗങ്ങൾ ഇന്ന് ഒന്നിച്ചനുഭവിക്കുന്നത്. ഈ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ട് ശക്തമായ അവകാശ പോരാട്ടങ്ങൾ നടത്തുവാൻ പിന്നാക്കവിഭാഗങ്ങൾ 'മുന്നാക്കം' വന്നെങ്കിൽ മാത്രമെ സവർണ സംവരണത്തിന്റെ കുതിപ്പിനെ പിടിച്ചുകെട്ടാൻ സാധിക്കുകയുള്ളൂ. ഇനിയും അമാന്തിച്ചുനിന്നാൽ പഴയ 'വർണാശ്രമം' പുതിയ ചക്രവാളങ്ങളിൽ ഉദയം ചെയ്യുകയും സാമുദായിക സംവരണം അറബിക്കടലിൽ അസ്തമിക്കുകയും ചെയ്യും.

സാദിഖലി. പി, താളിയംകുണ്ട്
mail@nerpatham.com

ലേഖനം

# അറിവിലൂടെ ഉയരുക

മാനവരാശിക്ക് സ്രഷ്ടാവു നൽകിയ വലിയ അനുഗ്രഹമാണ് അറിവ് നേടാനുള്ള കഴിവ്. അതുകൊണ്ട് തന്നെ പ്രവാചകൻﷺ സമൂഹത്തെ സമുദ്ധരിക്കാൻ ഉപയോഗിച്ചതും അറിവെന്ന ആയുധമാണ്. അറിവ് നേടുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് അവിടുന്ന് ഏറെ വാചാലമായതും നമുക്ക് കാണാൻ സാധിക്കും.

അല്ലാഹു പറയുന്നു: "പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

പരലോക വിജയത്തിന് അറിവ് അനിവാര്യമാണ്. നിർബന്ധ നമസ്കാരങ്ങൾ പോലും അറിവില്ലായ്മ കൊണ്ട് ഒരുപാട് വീഴ്ചകളോടും സംശയങ്ങളോടും കൂടി നിർവഹിക്കുന്നവരുണ്ട്. പഠിക്കാൻ അവസരം കിട്ടിയില്ല എന്ന ന്യായം പലരും പറയാറുണ്ട്. വാസ്തവത്തിൽ അല്ലാഹുവിന്റെയടുക്കൽ ന്യായീകരിക്കാൻ തക്ക കാരണങ്ങൾ നമുക്കുണ്ടോ? ഭൗതിക സൗകര്യങ്ങൾ നേടിയെടുക്കുന്നതിൽ ആർക്കെങ്കിലും സമയക്കുറവുണ്ടോ? മറ്റു കാര്യങ്ങൾ കഴിഞ്ഞ് സമയമുണ്ടെങ്കിൽ മതപരമായ കാര്യങ്ങൾ പഠിക്കാം എന്ന് കരുതുന്നവർക്കാണ് പലപ്പോഴും നഷ്ടം സംഭവിക്കുന്നത്. അഞ്ച് കാര്യങ്ങൾ വരുന്നതിന് മുമ്പ് അഞ്ച് കാര്യങ്ങളെ നിങ്ങൾ ധന്യമാക്കണം (ഹാകിം) എന്ന് നബിﷺ പറഞ്ഞതിൽ ആരോഗ്യവും ഒഴിവു സമയവും എടുത്തു പറഞ്ഞിട്ടുള്ളത് നാം ഓർക്കണം.

ഒരു വിജ്ഞാനത്തിലും ആർക്കും പരിപൂർണത കൈവരിക്കാനാവില്ല. എല്ലാ കാര്യങ്ങളെ കുറിച്ചും പരിപൂർണ അറിവുള്ളത് അല്ലാഹുവിന് മാത്രമാണ്. 'അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു' (ക്വുർആൻ 2:29).

യുദ്ധം നടക്കുന്നവേളയിൽ പോലും ഒരു വിഭാഗം മതകാര്യങ്ങൾ പഠിക്കാനിരിക്കണമെന്ന് അല്ലാഹു പറയുമ്പോൾ അതിന്റെ പ്രാധാന്യം എത്ര മാത്രമാണെന്ന് വ്യക്തമാകുന്നു. അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിന്) പുറപ്പെടാവതല്ല. എന്നാൽ അവരിലെ ഓരോ വിഭാഗത്തിൽനിന്നും ഓരോ സംഘം പുറപ്പെട്ട് പോയിക്കൂടേ? എങ്കിൽ (ബാക്കിയുള്ളവർക്ക് നബിയോടൊപ്പം നിന്ന്) മതകാര്യങ്ങളിൽ ജ്ഞാനം നേടുവാനും തങ്ങളുടെ ആളുകൾ (യുദ്ധരംഗത്ത് നിന്ന്) അവരുടെ അടുത്തേക്ക് തിരിച്ചുവന്നാൽ അവർക്ക് താക്കീത് നൽകുവാനും കഴിയുമല്ലോ? അവർ സൂക്ഷ്മത പാലിച്ചേക്കാം"(9:122).

സമൂഹത്തിൽ മതവിഷയങ്ങളിൽ ആഴത്തിൽ അറിവുനേടിയവർ വേണമെന്നും സംശയം ചോദിക്കുന്നവർക്ക് അവർ കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കണമെന്നും ഈ വചനത്തെ വിശദീകരിക്കുന്ന വേളയിൽ ഇമാം അസ്സഅദി(റഹി) പറയുന്നതായി കാണാം. നിഷിദ്ധമാക്കപ്പെട്ട പല കാര്യങ്ങളെക്കുറിച്ചും പലർക്കും ബോധമില്ല. അറിയുന്നവരിൽ തന്നെ അതിൽ സംശയം പ്രകടിപ്പിച്ച് ഹലാലിന്റെ പട്ടികയിൽ പെടുത്താൻ പാടുപെടുന്നവരുണ്ട്. പലിശയും സംഗീതാസ്വാദനവും ഉദാഹരണം.

അല്ലാഹു പദവികൾ ഉയർത്തിക്കൊടുക്കുക വിശ്വാസവും അറിവുമുള്ളവർക്കാണ്: "നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 58:11).

'കാലം തന്നെയാണ് സത്യം. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103: 1,2,3 ).

ഇതിലെ 'വിശ്വസിച്ചവർ' എന്നതിനെ വിശദീകരിക്കുമ്പോൾ അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ പറയുന്നത് അറിവുള്ളവരായിരിക്കെ എന്നാണ്. അറിവിലൂടെയാണ് വിശ്വാസം ദൃഢമാവുന്നത്. പിന്നീട് ആ അറിവുകൊണ്ട് പ്രവർത്തിക്കുക. അത് പ്രബോധനം ചെയ്യുക. പ്രബോധനമാർഗത്തിലുണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമയവലംബിക്കുകയും ചെയ്യുക. ഇതൊക്കെയാണ് ഈ ചെറിയ അധ്യായം പഠിപ്പിക്കുന്നത്.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# അബുൽആസ്വിؓന്റെ ചരിത്രത്തിൽനിന്ന്

ഉപ്പ: “മക്കളേ, കഴിഞ്ഞതവണ അബ്ദുർറഹ്മാനുബ്നു ഔഫിؓന്റെ ചരിത്രം പറഞ്ഞുതന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് നബിﷺ പറഞ്ഞ ഒരു കാര്യം നിങ്ങളെ ഞാൻ കേൾപിച്ചത് ഓർക്കുന്നുണ്ടോ?”

ബിലാൽ: “ഉണ്ട് ഉപ്പാ. ‘അബ്ദുർറഹ്മാൻ, നീ സമ്പന്നനാണ്. നീ മുട്ടുകുത്തിയായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. അതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നിർബാധം ചെലവഴിക്കൂ. എങ്കിൽ സ്വതന്ത്രനായി നിനക്ക് സ്വർഗത്തിൽ പ്രവേശിക്കാം’ എന്നതല്ലേ?”

ഉപ്പ: “അതെ, അതുതന്നെ. ഇന്നലെ അദ്ദേഹത്തെക്കുറിച്ചുള്ള ഒരു ഓൺലൈൻ ക്ലാസ്സ് ഞാൻ കേട്ടു. പ്രമുഖനായ ഒരു പണ്ഡിതൻ ആ ക്ലാസ്സിൽ വിശദീകരിച്ചത് ഈ നബിവചനം സ്വീകാര്യയോഗ്യമായി വന്നതല്ല എന്നും അത് നിർമിത ഹദീഥാണ് എന്നും ഹദീഥ് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ്.”

ബാസിമ: “അപ്പോൾ നബിﷺ അങ്ങനെ പറഞ്ഞതായി വിശ്വസിക്കാൻ പറ്റിയ തെളിവില്ല എന്നാണോ?”

ഉപ്പ: “അതെ, അതിന്റെ കൃത്യത മനസ്സിലാക്കാതെയാണ് ഞാനത് നിങ്ങൾക്കു പറഞ്ഞുതന്നത്.”

ബിലാൽ: “എങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കഥ കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുമ്പോൾ അത് ഒഴിവാക്കിയാണ് പറഞ്ഞുകൊടുക്കുക.”

ഉപ്പ: “അതെ, അങ്ങനെ മതി.”

ബാസിമ: “അബുൽ ആസ്വിؓന്റെ കഥ പറയൂ ഉപ്പാ.”

ഉപ്പ: “ശരി, തുടങ്ങാം. അബുൽ ആസ്വുബ്നു റബീഅ്ؓ സുന്ദരനും സമ്പന്നനുമായിരുന്നു. നബിﷺയുടെ മരുമകൻ കൂടിയാണ് അദ്ദേഹം.”

ബാസിമ: “മരുമകൻ എന്നു പറഞ്ഞാൽ...?”

ഉപ്പ: “മകളുടെ ഭർത്താവ്.”

ബിലാൽ: “നബിﷺയുടെ ഏതു മകളുടെ ഭർത്താവായിരുന്നു അബുൽ ആസ്ؓ.”

ഉപ്പ: “നബിﷺയുടെ മൂത്ത മകളായ സൈനബിؓന്റെ.”

ബിലാൽ: “അദ്ദേഹം അബ്ദുർറഹ്മാനുബ്നു ഔഫിؓനെ പോലെ കച്ചവടക്കാരനായിരുന്നോ?”

ഉപ്പ: “അതെ. തണുപ്പുകാലത്ത് യമനിലേക്കും ചൂടുകാലത്ത് ശാമിലേക്കും കച്ചവടയാത്ര നടത്തൽ അറബികളുടെ പരമ്പരാഗത സമ്പ്രദായമായിരുന്നു. അതിൽ അദ്ദേഹവും പങ്കെടുക്കാറുണ്ടായിരുന്നു. നൂറു ഒട്ടകങ്ങളും ഇരുനൂറോളം ജോലിക്കാരും അടങ്ങുന്ന വലിയ കച്ചവടസംഘമായിരുന്നു അബുൽ ആസ്വിന്റെത്.’’

ബാസിമ: “ആരായിരുന്നു അദ്ദേഹത്തിന്റെ മാതാവ്?”

ഉപ്പ: “ചോദിച്ചതു നന്നായി. നബിﷺയുടെ ഭാര്യയും വിശ്വാസികളുടെ മാതാവുമായ ഖദീജؓയുടെ സഹോദരിയായ ഹാലത്ത് ആണ് അദ്ദേഹത്തിന്റെ മാതാവ്.”

ബിലാൽ: “അപ്പോൾ ആ വഴിക്കും നബിﷺയുമായി ബന്ധമുണ്ട് അല്ലേ?”

ഉപ്പ: “അതെ. ഖദീജؓ തന്റെ സഹോദരന്റെ മകനായ അബുൽആസിനെ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. വിശ്വസ്തനായ അദ്ദേഹത്തെ തന്റെ മകൾ സൈനബിന്റെ ഭർത്താവാക്കാൻ അവർ ആഗ്രഹിച്ചു. നബിﷺ ആ ബന്ധം ഇഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ അവർ തമ്മിലുള്ള വിവാഹം നടക്കുകയും ചെയ്തു. അന്ന് നബിﷺക്ക് പ്രവാചകത്വം കിട്ടിയിട്ടുണ്ടായിരുന്നില്ല.

ബിലാൽ: “അതുശരി.”

ബാസിമ: “എന്നാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്?”

ഉപ്പ: “പറയാം. നബിﷺ പ്രബോധനം തുടങ്ങിയത് തന്റെ കുടുംബത്തിൽനിന്നാണെന്ന് അറിയാമല്ലോ?”

ബിലാൽ: “അറിയാം. സ്ത്രീകളിൽ ഒന്നാമതായി ഖദീജؓയാണ് ഇസ്‌ലാം സ്വീകരിച്ചത് അല്ലേ?”

ഉപ്പ: “അതെ. തുടർന്ന് സൈനബും മുസ്‌ലിമായി. എന്നാൽ ഭർത്താവായ അബുൽആസ്ؓ അതിന് ഒരുക്കമല്ലായിരുന്നു. മുൻഗാമികളുടെ മാർഗം വിടാൻ അദ്ദേഹം തയ്യാറായില്ല. ഇസ്‌ലാമിന്റെ കടുത്ത എതിരാളികളായിരുന്ന അബൂജഹലും അബൂലഹബും ഉത്ബത്തും ശൈബത്തുമെല്ലാം അബുൽആസിؓന്റെ കൂട്ടുകാരായിരുന്നു.”

ബാസിമ: “സൈനബ്ؓ ഇസ്‌ലാം സ്വീകരിച്ചതിൽ അവർക്ക് ദേഷ്യമുണ്ടായിരിക്കും അല്ലേ?”

ഉപ്പ: “അതെ, ഒരിക്കൽ അബൂജഹൽ അടക്കമുള്ള ഏതാനും ക്വുറൈശി പ്രമുഖർ അബുൽആസിؓനെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: ‘മുഹമ്മദിന്റെ പുത്രിയെ നീ ഒഴിവാക്കണം. പകരം നിനക്ക് ഇഷ്ടമുള്ള ഏത് ക്വുറൈശി വനിതയെ വേണമെങ്കിലും ഞങ്ങൾ വിവാഹം ചെയ്തു തരാം.”

ബാസിമ: “എന്നിട്ട് അദ്ദേഹം അതിനു തയ്യാറായോ?”

ഉപ്പ: “ഇല്ല. ഞാൻ എന്റെ ഭാര്യയെ ഉപേക്ഷിക്കില്ല. അവൾക്കു പകരം ഏതൊരു സ്ത്രീയെയും എനിക്ക് ഇഷ്ടമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.”

ബിലാൽ: “അടിപൊളി മറുപടി!”



ബാസിമ: “ക്വുറൈശി നേതാക്കൾ നാണംകെട്ട് തിരിച്ചുപോയിട്ടുണ്ടാകും.”

ഉപ്പ: “അതെ.”

ബിലാൽ: “ഈ സംഭവം നബിﷺ അറിഞ്ഞുവോ?”

ഉപ്പ: “അറിഞ്ഞു. അബുൽ ആസിؓന്റെ മറുപടി നബിﷺക്ക് ഇഷ്ടമായി. നബിﷺ മരുമകനെ അഭിനന്ദിക്കുകയും ചെയ്തു.”

ബിലാൽ: “നബിﷺയും സ്വഹാബിമാരും മദീനയിലേക്ക് ഹിജ്റ പോയപ്പോൾ സൈനബ്ؓ കൂടെ പോയിരുന്നോ?”

ഉപ്പ: “ഇല്ല. സൈനബ്ؓ ഭർത്താവിന്റെ കൂടെ മുസ്‌ലിമായിക്കൊണ്ടുതന്നെ മക്കയിൽ ജീവിച്ചു. ആയിടക്കാണ് ബദ്ർ യുദ്ധമുണ്ടാകുന്നത്.”

ബിലാൽ: “അബുൽ ആസ്ؓ അന്ന് ആരുടെ പക്ഷത്തായിരുന്നു?”

ഉപ്പ: “അദ്ദേഹം അന്ന് ഇസ്‌ലാം സ്വീകരിച്ചിട്ടില്ലല്ലോ. അതുകൊണ്ട് ബദ്റിൽ മുസ്‌ലിംകളുമായി ഏറ്റുമുട്ടുവാൻ അദ്ദേഹവും വന്നിരുന്നു. മരണത്തിൽനിന്ന് രക്ഷപ്പെട്ടുവെങ്കിലും അദ്ദേഹം ബന്ധിയാക്കപ്പെട്ടു.”

ബാസിമ: “നബിﷺയുടെ മരുമകൻ മുസ്‌ലിംകളുടെ പിടിയിലായത് അവിടുന്ന് അറിഞ്ഞില്ലേ?”

ഉപ്പ: “പറയാം. വേറെ ചിലരും ബന്ധികളായി ഉണ്ടായിരുന്നു. അവരെ മോചിപ്പിക്കാൻ മക്കക്കാർ മോചനദ്രവ്യവുമായി മദീനയിലെത്തി. അബുൽആസിؓനുവേണ്ടി സഹോദരൻ അംറ് ആയിരുന്നു വന്നത്.” **(തുടരും)**



# വിശുദ്ധ ക്വുർആൻ: പ്രാമാണികതയും ദൈവികതയും

അഹ്ലുസ്സുന്നഃ ആദർശപഠനം

അബൂബക്കർ സലഫി
mail@nerpatham.com

ഇസ്‌ലാമിന്റെ പ്രമാണങ്ങൾ പരിശുദ്ധ ക്വുർആനും തിരുസുന്നത്തുമാണ്. അതനുസരിച്ച് ജീവിക്കുകയാണ് ഓരോ സത്യവിശ്വാസിയുടെയും ബാധ്യത. നബിﷺ പറഞ്ഞു:

"രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടുപോകുന്നു. അവയ്ക്ക് ശേഷം (അവയെ മുറുകെ പിടിച്ചാൽ) നിങ്ങൾ വഴിപിഴക്കുകയില്ല, അല്ലാഹുവിന്റെ കിതാബും എന്റെ സുന്നത്തുമാണത്, അവ രണ്ടും എന്റെയടുത്ത് (നാളെ) ഹൗദിൽ വരുന്നത് വരെ വേർപിരിയുകയില്ല" (സ്വഹീഹുൽ ജാമിഅ്).

ആദ്യമായി പരിശുദ്ധ ക്വുർആനിന്റെ പ്രാമാണികതയെപ്പറ്റിയും അതിന്റെ ദൈവികതയെപ്പറ്റിയും അൽപം മനസ്സിലാക്കാം.

പരിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ സംസാരമാണ്, അവന്റെ സന്ദേശമാണ്, ഉപരിലോകത്തുനിന്ന് ജിബ്‌രീൽعليه السلام എന്ന മലക്ക് വഴി മുഹമ്മദ് നബിﷺക്ക് അവതരിപ്പിച്ചു നൽകിയ വഹ്‌യാണ്, അഥവാ ദിവ്യബോധനമാണ്.

മനുഷ്യർക്ക് നേർവഴി കാട്ടുന്നതിനായി അനേകം പ്രവാചകൻമാരെ അല്ലാഹു ഈ ഭൂമുഖത്തേക്ക് നിയോഗിച്ചിട്ടുണ്ട്. അവർ സത്യപ്രവാചകൻമാരാണെന്ന് തെളിയിക്കുന്ന നുബുവ്വത്തിന്റെ (പ്രവാചകത്വത്തിന്റെ) തെളിവുകളും നൽകിയിട്ടുണ്ട്. അവ നിരവധിയാണ്. അവയിൽ ഏറ്റവും വലിയ അമാനു

ഷിക ദൃഷ്ടാന്തമാണ് മുഹമ്മദ് നബിﷺക്ക് നൽകപ്പെട്ട വിശുദ്ധ ക്വുർആൻ. അത് സൃഷ്ടികളുടെ രചനയല്ലെന്ന് തെളിയിക്കുന്ന ധാരാളം തെളിവുകൾ കാണാൻ കഴിയും. ചിലതു മാത്രം ഇവിടെ സൂചിപ്പിക്കുകയാണ്.

## ഒന്ന്) ക്വുർആനിന്റെ വെല്ലുവിളി

അന്ത്യനാൾവരെ നിലനിൽക്കുന്ന വെല്ലുവിളിതന്നെയാണ് ക്വുർആനിന്റെ ദൈവികതയ്ക്കുള്ള ഒരു പ്രധാന തെളിവ്. ലോകത്ത് ഒരാൾക്കും താൻ രചിച്ചതോ നിർമിച്ചതോ ആയ ഒന്നിനെ മുൻനിറുത്തി അത് അന്യൂനമാണെന്നു പ്രഖ്യാപിക്കുവാനോ അതുപോലുള്ള ഒന്ന് രചിക്കുവാനോ നിർമിക്കുവാനോ വെല്ലുവിളിക്കുവാനോ ധൈര്യം വരില്ല. കാരണം അതിനെക്കാൾ നല്ലത് രചിക്കുവാനും നിർമിക്കുവാനും കഴിവുള്ളവർ വേറെയുണ്ടാകും. തന്റെ സൃഷ്ടി കുറ്റമറ്റതല്ലെന്നും അതിലേക്ക് കൂട്ടിച്ചേർക്കാനും അതിൽനിന്ന് കുറക്കാനും മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കാനും ധാരാളമുണ്ടാകുമെന്നും ബുദ്ധിയുള്ളവർക്കൊക്കെ ബോധമുണ്ടാകും.

എന്നാൽ പരിശുദ്ധ ക്വുർആനിന്റെ വെല്ലുവിളി നോക്കൂ: "(നബിയേ,) പറയുക: ഈ ക്വുർആൻ പോലെയൊന്ന് കൊണ്ടുവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (ക്വുർആൻ 17:88).

"അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചു പറഞ്ഞതാണ് എന്ന് അവർ പറയുകയാണോ? അല്ല, അവർ വിശ്വസിക്കുന്നില്ല. എന്നാൽ അവർ സത്യവാൻമാരാണെങ്കിൽ ഇതുപോലുള്ള ഒരു വൃത്താന്തം അവർ കൊണ്ടുവരട്ടെ" (ക്വുർആൻ 52:33).

പരിശുദ്ധ ക്വുർആനിന്റെ ഈ വെല്ലുവിളി സ്വീകരിക്കുകയെന്നത് എതിരാളികൾക്ക് അസാധ്യമായിരുന്നു. സാഹിത്യത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ വിരാജിച്ചിരുന്ന, അന്നത്തെ ഇരുത്തംവന്ന സാഹിത്യകാരന്മാർക്കത് അചിന്ത്യമായിരുന്നു.

ക്വുർആനിന്റെ മുമ്പിൽ പകച്ചുപോയ എതിരാളികൾ പിന്നെ ചെയ്തത് വില കുറഞ്ഞ ആരോപണങ്ങളുന്നയിക്കലായിരുന്നു. ചിലപ്പോൾ അവർ പറഞ്ഞു നോക്കും, അത് മുഹമ്മദ് നബിﷺയുടെ രചനയാണെന്ന്. മറ്റു ചിലപ്പോൾ പറയും; മുഹമ്മദ് നബിﷺ ഭ്രാന്തനാണെന്ന്, അല്ലെങ്കിൽ ജ്യോത്സ്യനാണെന്ന്, മാരണക്കാരനാണെന്ന്, അങ്ങനെയങ്ങനെ...

പരിശുദ്ധ ക്വുർആൻ തൊടുത്തുവിട്ട ഈ വെല്ലുവിളിയുടെ സഞ്ചാരം ഏതെങ്കിലും വിഭാഗത്തിലോ നാട്ടിലോ ഏതെങ്കിലും കാലത്തിലോ ഒതുങ്ങുന്നില്ല. സകല സീമകളെയും അത് മറികടന്നുകൊണ്ടിരിക്കുന്നു. കാലദേശ വ്യത്യാസമില്ലാതെ അത് മനുഷ്യരുടെയും ജിന്നുകളുടെയും കർണപുടങ്ങളിലൂടെ കാലാതിവർത്തിയായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അന്ത്യനാൾവരെ അത് തുടരുകയും ചെയ്യും.

ക്വുർആനിന് സമാനമായത് കൊണ്ടുവരാൻ കഴിയില്ലെങ്കിൽ അതിലെ പത്ത് അധ്യായത്തിന് സമാനമായത് കൊണ്ടുവരാൻ കഴിയുമോ എന്ന രണ്ടാമത്തെ വെല്ലുവിളിയാണ് മറ്റൊരൽഭുതം. അല്ലാഹു പറയുന്നതു നോക്കൂ:

"അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ. അവരാരും നിങ്ങളുടെ വിളിക്ക് ഉത്തരം നൽകിയില്ലെങ്കിൽ, അല്ലാഹുവിന്റെ അറിവോട് കൂടി മാത്രമാണ് ഇത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും അവനല്ലാതെ യാതൊരു ദൈവവുമില്ലെന്നും നിങ്ങൾ മനസ്സിലാക്കുക. ഇനിയെങ്കിലും നിങ്ങൾ കീഴ്പെടാൻ സന്നദ്ധരാണോ?" (ക്വുർആൻ 11:13,14).

നൂറ്റിപ്പതിനാല് അധ്യായങ്ങളുള്ള വിശുദ്ധ ക്വുർആനിലെ ചില അധ്യായങ്ങൾ വളരെ ചെറിയവയാണ്. അതിൽനിന്ന് ഏറ്റവും ചെറിയ പത്ത് അധ്യായങ്ങൾ തിരഞ്ഞെടുത്ത് അതിന് സമാനമായത് അവർക്ക് കൊണ്ടുവന്നു കൂടായിരുന്നോ? ഒരിക്കലും അതിന് കഴിയില്ല എന്നതുകൊണ്ടുതന്നെയാണ് അവരതിന് മുതിരാതിരുന്നത്.

**പരിശുദ്ധ ക്വുർആൻ തൊടുത്തുവിട്ട ഈ വെല്ലുവിളിയുടെ സഞ്ചാരം ഏതെങ്കിലും വിഭാഗത്തിലോ നാട്ടിലോ ഏതെങ്കിലും കാലത്തിലോ ഒതുങ്ങുന്നില്ല. സകല സീമകളെയും അത് മറികടന്നുകൊണ്ടിരിക്കുന്നു. കാലദേശ വ്യത്യാസമില്ലാതെ അത് മനുഷ്യരുടെയും ജിന്നുകളുടെയും കർണപുടങ്ങളിലൂടെ കാലാതിവർത്തിയായി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അന്ത്യനാൾവരെ അത് തുടരുകയും ചെയ്യും.**

പത്ത് അധ്യായത്തിന് സമാനമായതല്ല ഒരു അധ്യായത്തിന് സമാനമായത് കൊണ്ടുവരാനും അവർക്ക് സാധ്യമല്ല. ഒരു അധ്യായം കൊണ്ടുവരാനും അവരെ വെല്ലുവിളിച്ചു നോക്കി. വെല്ലുവിളികളിലെ ഏറ്റവും വലിയ അൽഭുതം ഇതാണെന്നു പറയാം.

"അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (ക്വുർആൻ 10:38).

13 വർഷത്തോളം ഈ വെല്ലുവിളി അവരുടെ ചെവിയിൽ മുഴങ്ങി. അവർ പ്രതികരിച്ചില്ല. കഴിയുമെങ്കിൽ അവർ അതിന് മുതിരുമായിരുന്നു. അതാണവർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ അതിനു തയ്യാറാകാതെ വിഷയത്തിൽനിന്ന് മാറി, തരംതാഴ്ന്ന ശൈലിയിൽ നബിﷺയെ വിമർശിക്കുവാനാണ് അവർ ശ്രമിച്ചത്.

"അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ" (ക്വുർആൻ 15:6).

"അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു" (ക്വുർആൻ 38:4).

"...(റസൂലിനെ പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്" (ക്വുർആൻ 25:8).

"സത്യനിഷേധികൾ പറഞ്ഞു: ഇത് (ക്വുർആൻ) അവൻ കെട്ടിച്ചമച്ച നുണ മാത്രമാകുന്നു. വേറെ ചില ആളുകൾ അവനെ അതിന് സഹായിച്ചിട്ടുമുണ്ട്. എന്നാൽ അന്യായത്തിലും വ്യാജത്തിലും തന്നെയാണ് ഈ കൂട്ടർ വന്നെത്തിയിരിക്കുന്നത്" (ക്വുർആൻ 25:4).

"ഇത് പൂർവികൻമാരുടെ കെട്ടുകഥകൾ മാത്രമാണ്. ഇവൻ അത് എഴുതിച്ചുവെച്ചിരിക്കുന്നു. എന്നിട്ടത് രാവിലെയും വൈകുന്നേരവും അവന്ന് വായിച്ചുകേൾപിക്കപ്പെടുന്നു എന്നും അവർ പറഞ്ഞു" (ക്വുർആൻ 25:5).

ഉത്തരം മുട്ടിയാൽ കൊഞ്ഞനം കുത്തുക എന്ന് പറയാറുണ്ടല്ലോ. ആ പ്രവർത്തനമാണവർ കാണിച്ചത്. അവർക്കിതിന്റെയൊന്നും ആവശ്യമില്ല; ഒരു അധ്യായത്തിന് സമാനമായത് കൊണ്ടുവന്ന് ഞങ്ങൾ വെല്ലുവിളി സ്വീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ മതി. അതിന് സാധ്യമല്ലെന്ന ബോധ്യമാണ് അവരെ ഇങ്ങനെയൊക്കെ പറയാൻ പ്രേരിപ്പിച്ചത്.

സ്വന്തം പരാജയം മറച്ചുപിടിക്കാനുള്ള മറ്റൊരു അടവാണ് എതിരാളിക്കെതിരെ പൊതുജനത്തിന്റെ വികാരമിളക്കിവിടുകയെന്നത്. അതും ഇവർ പയറ്റി നോക്കി.

മുഹമ്മദ് നമ്മുടെ ദൈവങ്ങളെ ചീത്ത പറയുന്നു, നമ്മുടെ മതത്തെ ആക്ഷേപിക്കുന്നു, നമ്മുടെ നേതാക്കളെ വിഡ്ഢികളാക്കുന്നു, നമ്മുടെ പൂർവപിതാക്കൾ വഴിപിഴച്ചവരാണെന്നു പറയുന്നു, ഐക്യത്തിൽ ജീവിച്ചുപോന്ന നമുക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നു... എന്നിങ്ങനെയെല്ലാം അവർ പറഞ്ഞുനോക്കി.

തങ്ങളുടെ കഴിവുകേട് മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ പിന്നെയവർ ചെയ്തത് നബി തിരുമേനിﷺക്കും സ്വഹാബത്തിനും നേരെ ശാരീരിക അക്രമങ്ങൾ അഴിച്ചുവിടുക എന്നതായിരുന്നു. എന്നാലും ചിന്തിക്കുന്നവരുടെ മനസ്സുകളിൽ ക്വുർആനിന്റെ വെല്ലുവിളി അലോസരം സൃഷ്ടിച്ചു കൊണ്ടിരുന്നു.

ഇതുവരെ നാം സൂചിപ്പിച്ച വെല്ലുവിളികൾ സംഭവിച്ചത് മക്കയിൽ വെച്ചായിരുന്നുവെങ്കിൽ നബിﷺമദീനയിലെത്തിയ ശേഷവും വെല്ലുവിളി ആവർത്തിച്ചു. അല്ലാഹു പറഞ്ഞു:

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (ക്വുർആൻ 2:23,24).

'അൽകൗഥർ' വിശുദ്ധ ക്വുർആനിലെ ഏറ്റവും ചെറിയ അധ്യായമാണ്. വളരെ ചെറിയ മൂന്നു സൂക്തങ്ങളാണ് അതിലുള്ളത്. അതിനു സമാനമായ മൂന്ന് അറബി വാചകങ്ങളെങ്കിലും കൊണ്ടുവരാൻ ഉന്നതരായ സാഹിത്യകാരന്മാരുണ്ടായിട്ടും അവർ ശ്രമിച്ചില്ല! എന്തുകൊണ്ട്? അങ്ങനെ ചെയ്താൽ സമൂ

ഹത്തിനിടയിൽ തങ്ങളുടെ വിലയിടിയും, തങ്ങൾ വഷളാവും എന്ന് കൃത്യമായ തിരിച്ചറിവുള്ളതുകൊണ്ട് തന്നെ.

ക്വുർആനിന്റെ വെല്ലുവിളി സ്വീകരിക്കാൻ കഴിയില്ലെങ്കിലും അതിനെതിരെ വല്ലതും പറയുകയെങ്കിലും ചെയ്തുകൂടേ എന്ന പൊതു സമ്മർദത്തിന് വിധേയരായ സാഹിത്യത്തറവാട്ടിലെ ഉന്നതരും അത്യുന്നത സാഹിത്യനിരൂപകരും അക്കൂട്ടത്തിലുണ്ടായിരുന്നു. അത്തരക്കാർക്ക് ക്വുർആനെപ്പറ്റി വീണ്ടും വീണ്ടും ആലോചിക്കേണ്ടി വന്നു. അവരിൽപെട്ട ഒരാളാണ് വലീദുബ്നുൽ മുഗീറ.

അന്നത്തെ ഇസ്‌ലാംവിരോധികളെല്ലാവരും അദ്ദേഹത്തിന്റെയടുത്ത് സമ്മേളിച്ചു. പരിസര പ്രദേശങ്ങളിൽനിന്ന് ജനങ്ങൾ ഹജ്ജിനു വരാൻ സമയമായതിനാൽ അവർ ക്വുർആനിൽ ആകൃഷ്ടരാവാതിരിക്കാൻ, അവരുടെ മുമ്പിൽ വിശുദ്ധ ക്വുർആനിനെതിരെയും നബി തിരുമേനിക്കെതിരെയും ഐകകണ്ഠ്യേന ഒരു വാചകം കൂടിയാലോചിച്ചു കണ്ടെത്തലായിരുന്നു സമ്മേളന ലക്ഷ്യം! ക്വുർആനിനെതിരെ പറയാൻ ഉയർന്നുവന്ന അഭിപ്രായങ്ങൾ മുഴുവനും ബാലിശങ്ങളാണെന്ന് പറഞ്ഞ് വലീദ് തള്ളിക്കളഞ്ഞു!

എങ്കിൽ സർവാംഗീകൃതമായ ഒരു തീരുമാനം നിങ്ങൾതന്നെ പറയൂ എന്ന് അദ്ദേഹത്തോട് എല്ലാവരും ആവശ്യപ്പെട്ടു. അദ്ദേഹത്തിനും എന്തു പറയണമെന്ന് അറിയില്ലായിരുന്നു. അവരോട് അദ്ദേഹം പറഞ്ഞത് ഇങ്ങനെയായിരുന്നു: "അല്ലാഹുവാണ സത്യം! തീർച്ചയായും അദ്ദേഹത്തിന്റെ വാക്കിന് അതീവ മാധുര്യമുണ്ട്. അതിന്റെ ആശയങ്ങളെ പൊതിഞ്ഞിരിക്കുന്ന വാചകങ്ങൾ അതിമനോഹരങ്ങളാണ്. അതിന്റെ മുകൾഭാഗം സമൃദ്ധമായി കായ്കനികൾ നൽകും. അതിന്റെ വേരുകൾ താഴ്ഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് രൂഢമൂലമായിരിക്കുന്നു. തീർച്ചയായും അത് ഉയരുകതന്നെ ചെയ്യും. അതിനെ പരാചയപ്പെടുത്തകയെന്നത് അസാധ്യമാണ്. അത് മനുഷ്യരുടെ വാക്കുകളല്ല."

അക്കാലത്തെ ഉന്നതനായ ഒരു അറബി സാഹിത്യകാരൻ ക്വുർആനിന്റെ മുന്നിൽ അടിയറവ് പറയുന്ന വാചകങ്ങളാണ് നാമിതിൽ കണ്ടത്. പക്ഷേ, ആ സമ്മേളനം അദ്ദേഹത്തോട് ആവശ്യപ്പെട്ടു; നിങ്ങൾ ഇങ്ങനെ പറയരുത്, ക്വുർആനിനെതിരെ സംസാരിക്കുക തന്നെ വേണം എന്ന്. അപ്പോൾ അയാൾ പറഞ്ഞു: 'എന്നാൽ ഞാനൊന്ന് ആലോചിക്കട്ടെ.' അന്നു രാത്രി അയാൾ ഉറക്കമിളച്ച് ചിന്തിച്ചുകൊണ്ടേയിരുന്നു.

അത് മാരണമല്ല, മനുഷ്യന്റെ വാക്കുകളല്ല എന്നു പറഞ്ഞ അതേ മനുഷ്യൻ സ്വന്തം മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് അത് മാറ്റിപ്പറയുകയായിരുന്നു! അയാൾ പറഞ്ഞു: 'അത് മാരണമാണ്. മനുഷ്യന്റെ വാക്കുകൾ മാത്രമാണ്.'

ഇയാളെപ്പറ്റിയാണ് സൂറത്ത് അൽമുദ്ദസ്സിറിൽ വന്ന ഏതാനും വചനങ്ങൾ എന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നുണ്ട്.

"എന്നെയും ഞാൻ ഏകനായിക്കൊണ്ട് സൃഷ്ടിച്ച ഒരുത്തനെയും വിട്ടേക്കുക. അവന്ന് ഞാൻ സമൃദ്ധമായ സമ്പത്ത് ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. സന്നദ്ധരായി നിൽക്കുന്ന സന്തതികളെയും. അവന്നു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. പിന്നെയും ഞാൻ കൂടുതൽ കൊടുക്കണമെന്ന് അവൻ മോഹിക്കുന്നു. അല്ല, തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു. പ്രയാസമുള്ള ഒരു കയറ്റം കയറാൻ നാം വഴിയെ അവനെ നിർബന്ധിക്കുന്നതാണ്. തീർച്ചയായും അവനൊന്നു ചിന്തിച്ചു, അവനൊന്നു കണക്കാക്കുകയും ചെയ്തു. അതിനാൽ അവൻ നശിക്കട്ടെ. എങ്ങനെയാണവൻ കണക്കാക്കിയത്? വീണ്ടും അവൻ നശിക്കട്ടെ, എങ്ങനെയാണവൻ കണക്കാക്കിയത്? പിന്നീട് അവനൊന്നു നോക്കി. പിന്നെ അവൻ മുഖം ചുളിക്കുകയും മുഖം കറുപ്പിക്കുകയും ചെയ്തു. പിന്നെ അവൻ പിന്നോട്ട് മാറുകയും അഹങ്കാരം നടിക്കുകയും ചെയ്തു. എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽനിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല. വഴിയെ ഞാൻ അവനെ സഖറിൽ (നരകത്തിൽ) ഇട്ട് എരിക്കുന്നതാണ്" (ക്വുർആൻ 74:11-26).

> **'അൽകൗഥർ' വിശുദ്ധ ക്വുർആനിലെ ഏറ്റവും ചെറിയ അധ്യായമാണ്. വളരെ ചെറിയ മൂന്നു സൂക്തങ്ങളാണ് അതിലുള്ളത്. അതിനു സമാനമായ മൂന്ന് അറബി വാചകങ്ങളെങ്കിലും കൊണ്ടുവരാൻ ഉന്നതരായ സാഹിത്യകാരന്മാരുണ്ടായിട്ടും അവർ ശ്രമിച്ചില്ല! എന്തുകൊണ്ട്? അങ്ങനെ ചെയ്താൽ സമൂഹത്തിനിടയിൽ തങ്ങളുടെ വിലയിടിയും, തങ്ങൾ വഷളാവും എന്ന് കൃത്യമായ തിരിച്ചറിവുള്ളതുകൊണ്ട് തന്നെ.**

ക്വുർആൻ മനുഷ്യരുടെ രചനയാണെന്നും മാരണമാണെന്നുമുള്ള ഇയാളുടെ പ്രസ്താവന ഹാജിമാരിൽ എത്തിക്കാൻ പ്രവർത്തകർ രംഗത്തിറങ്ങി. മക്കയിലേക്കുള്ള പ്രവേശന കവാടങ്ങളിലെല്ലാം അവർ ഹാജിമാരുടെ വരവും കാത്ത് നിലയുറപ്പിച്ചു. കണ്ടവരെയെല്ലാം അവർ 'വിവര'മറിയിച്ചു! എന്നാൽ എതിരാളികളുടെ പല കുതന്ത്രങ്ങളെയും പോലെത്തന്നെ ഈ കുതന്ത്രവും ഇസ്‌ലാമിന് ഗുണമായി ഭവിക്കുകയാണ് ചെയ്തത്. ഇതുവഴി നബിതിരുമേനിﷺയെപ്പറ്റിയുള്ള പരസ്യം അവർ ഏറ്റെടുത്തതുപോലെയായി! ചിലർ ഇസ്‌ലാമിലേക്കു വരാൻ അത് കാരണമാവുകയും ചെയ്തു.

തുഫൈലുബ്നു അംറുദ്ദൗസിയുടെ ചരിത്രം അതിനൊരു ഉദാഹരണമാണമായി ഇവിടെ പറയാം: അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവും അറിയപ്പെട്ട ഒരു കവിയുമായിരുന്നു. മക്കയിലെത്തിയപ്പോൾ ക്വുറൈശികൾ അദ്ദേഹത്തോട് പറഞ്ഞു: 'അല്ലയോ തുഫൈൽ! താങ്കൾ ഒരു കവിയാണ്, ഗോത്ര നേതാവാണ്. താങ്കളെ മുഹമ്മദ് കാണുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. അവന്റെ സംസാരം ആകർഷണീമായി അനുഭവപ്പെടും. എന്നാൽ അറിയുക; അത് സിഹ്‌റാണ്. അതിൽ വഞ്ചിതനാകരുത്. അദ്ദേഹം മാരണക്കാരനാണ്. നിങ്ങളെയും ഗോത്രത്തെയും അദ്ദേഹം കുഴപ്പത്തിലാക്കുമോ എന്ന് ഞങ്ങൾ ഭയക്കുന്നു. സൂക്ഷിക്കുക! അവൻ കുടുംബകലഹമുണ്ടാക്കും, ഭിന്നിപ്പുണ്ടാക്കും.'

തുഫൈൽ പറയുന്നു: 'നബിﷺയെപ്പറ്റിയും നബിയിൽനിന്ന് ഒന്നും കേൾക്കരുതെന്നും അവർ എന്നോട് നിരന്തരമായി പറഞ്ഞുകൊണ്ടേയിരുന്നു. അവസാനം അദ്ദേഹത്തിൽനിന്ന് ഒന്നും കേൾക്കുകയില്ലെന്ന് ഞാൻ തീരുമാനിച്ചു. മാത്രവുമല്ല അദ്ദേഹത്തെ കാണുമ്പോൾ ചെവി അടച്ചുവയ്ക്കാൻ രണ്ട് പഞ്ഞിക്കഷ്ണങ്ങളും കരുതിവച്ചു. അങ്ങനെ ഹറമിൽ പ്രവേശിച്ചപ്പോൾ അവിടെ നബി തിരുമേനിﷺ ക്വുർആൻ പാരായണം ചെയ്യുന്നത് കണ്ടു. ഞാനെന്റെ മനസ്സിൽ പറഞ്ഞു: ഞാനെന്തിന് കേൾക്കാതിരിക്കണം? കാര്യങ്ങൾ വേർതിരിച്ചു മനസ്സിലാക്കാൻ എനിക്കും കഴിയുമല്ലോ! വേണമെങ്കിൽ സ്വീകരിച്ചാൽ മതിയല്ലോ. അല്ലെങ്കിൽ തള്ളിക്കളയാം. ഞാൻ ശ്രദ്ധിച്ചു കേട്ടു. സുബ്ഹാനല്ലാഹ്! ഇതിനെക്കാൾ നല്ലത്, ഇതിനെക്കാൾ മനോഹരമായത് എന്റെ ജീവിതത്തിൽ ഞാൻ കേട്ടിട്ടില്ല. ഞാൻ നബിﷺയെ പിന്തുടർന്നു. ക്വുറൈശികൾ പറഞ്ഞതെല്ലാം അറിയിച്ചു. കൂടുതൽ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി, ഇസ്‌ലാമിൽ പ്രവേശിച്ചു. നാട്ടിലേക്ക് പ്രബോധകനായി മടങ്ങിപ്പോയി.'

### രണ്ട്) ക്വുർആനിന്റെ സ്വാധീനം

എത്ര വലിയ വിരോധിയാണെങ്കിലും സ്വസ്ഥമായി ക്വുർആൻ കേൾക്കാൻ ഒരു അവസരം ലഭിച്ചാൽ അത് അവന്റെ ഹൃദയത്തിലുണ്ടാക്കുന്ന സ്വാധീനം നിസ്സാരമല്ല. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാം.

ഉത്ബത്തുബ്നു റബീഅ: ഇസ്‌ലാമിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് വർധിച്ചപ്പോൾ, പ്രത്യേകിച്ചും ഹംസ﵁, ഉമർ﵁ എന്നിവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ക്വുറൈശികൾ വല്ലാതെ അസ്വസ്ഥതയിലായി. നബിﷺയോട് നയപരമായി അൽപം സൗഹൃദ സംസാരമായാലോ എന്നവർ ആലോചിച്ചു. പ്രഗൽഭനായ ഒരു നേതാവിനെ അഥവാ ഉത്ബത്തുബ്നു റബീഅ﵁യെ അവർ നബിﷺ അടുത്തേക്ക് പറഞ്ഞയച്ചു.



അദ്ദേഹം നബിയോട് പറഞ്ഞു: 'എന്റെ സഹോദരപുത്രാ, നീങ്ങളി നാട്ടിലെ ഉന്നത കുലജാതനാണ്. നിങ്ങൾ കാരണം നമ്മുടെ കുടുംബങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായി എന്നത് സത്യമാണല്ലോ. പരിഹാരം എന്ന നിലയ്ക്ക് എനിക്ക് താങ്കളുടെ മുമ്പിൽ ചില കാര്യങ്ങൾ അവതരിപ്പിക്കണമെന്നുണ്ട്. നിങ്ങൾക്കത് സ്വീകാര്യമാവും എന്നാണെന്റെ പ്രതീക്ഷ. അത് നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുമോ?'

നബിﷺ പറഞ്ഞു: 'നിങ്ങൾ അവതരിപ്പിച്ചോളൂ; ഞാൻ ശ്രദ്ധിച്ചുകേൾക്കാം.'

അപ്പോൾ അദ്ദേഹം പ്രശ്ന പരിഹാര ഫോർമുല ഇങ്ങനെ അവതരിപ്പിച്ചു: 'നിങ്ങളീ ഉദ്യമംകൊണ്ട് ലക്ഷ്യമാക്കുന്നത് സാമ്പത്തിക നേട്ടമാണെങ്കിൽ, ഞങ്ങൾ നിങ്ങൾക്കു വേണ്ടി ധനം ശേഖരിക്കാം. ഈ നാട്ടിലെ ഏറ്റവും വലിയ ധനികനാക്കാം. ഇനി അതല്ല, പ്രതാപവും അംഗീകാരവുമാണ് ഉദ്ദേശിക്കുന്നത് എങ്കിൽ ഞങ്ങൾ അത് നൽകാം. നിങ്ങളില്ലാതെ ഒരു കാര്യവും ഞങ്ങൾ തീരുമാനിക്കുകയില്ല. അതല്ല, ഈ നാടിന്റെ രാജാവാകാനാണ് നിങ്ങളുടെ താൽപര്യമെങ്കിൽ ഞങ്ങൾ നിങ്ങളെ രാജാവാക്കി വാഴിക്കാം. അതുമല്ല, നിങ്ങൾക്ക് വല്ല അസുഖവുമാണെങ്കിൽ ഏറ്റവും പ്രഗൽഭനായ ഡോക്ടറെ ഞങ്ങൾ കൊണ്ടു വന്ന് ചികിൽസ നടത്താം...'

അയാൾക്ക് പറയാനുള്ളതെല്ലാം നബിﷺ ഇടയിൽ കയറി സംസാരിക്കാതെ കേട്ടുകൊടുത്തു. അയാൾ നിർത്തിയപ്പോൾ അവിടുന്നു ചോദിച്ചു: 'അവതരിപ്പിച്ചു കഴിഞ്ഞോ?' അയാൾ പറഞ്ഞു: 'അതെ.' അപ്പോൾ നബിﷺ അദ്ദേഹത്തിന് ക്വുർആനിലെ 'ഫുസ്സിലത്ത്' എന്ന അധ്യായത്തിലെ തുടക്കം മുതലുള്ള 13 വചനങ്ങൾ ഓതിക്കേൾപിച്ചു. പതിമൂന്നാമത്തെ വചനം ഇങ്ങനെയാണ്:

'എന്നിട്ട് അവർ തിരിഞ്ഞുകളയുന്നപക്ഷം നീ പറഞ്ഞേക്കുക: ആദ്, ഥമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കരശിക്ഷ പോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു.'

അയാൾ ആ ഭയങ്കരശിക്ഷ തന്നെ പിടികൂടുമോ എന്നു ഭയപ്പെട്ടപോലെ ഭയവിഹ്വലനായി എഴുന്നേൽക്കുകയും വന്നേടത്തേക്ക് തന്നെ ധൃതിപിടിച്ചു പോവുകയും ചെയ്തു. എന്നിട്ട് ക്വുറൈശികളോട് പറഞ്ഞു: 'നിങ്ങൾ മുഹമ്മദിനെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും വെറുതെ വിടുക. അദ്ദേഹത്തിൽ നിന്ന് ഞാൻ കേട്ടത് ജ്യോത്സ്യമോ കവിതയോ മാരണമോ ഒന്നുമല്ല. ഇന്നുവരെ ഞാൻ കേട്ടിട്ടില്ലാത്ത അതിമഹത്തായ കുറെ വചനങ്ങളാണ്. തീർച്ചയായും അതിലെന്തൊക്കെയോ ഉണ്ട്.'

## ക്വുർആന്റെ സ്വാധീനത്താൽ അവർ സുജൂദ് ചെയ്യുന്നു

ഒരിക്കൽ നബിﷺ ഹറമിൽ ചെന്നപ്പോൾ അവിടെ ധാരാളം ക്വുറൈശികളും നേതാക്കളും ഹാജറുണ്ടായിരുന്നു. അവരുടെ മുമ്പിൽവച്ച് റസൂൽﷺ ക്വുർആനിലെ അന്നജ്മ് അധ്യായം പാരായണം ചെയ്തു. ക്വുർആനിന്റെ വശ്യതയിൽ അവർ ലയിച്ചുപോയി.

ആ അധ്യായം അവസാനിക്കുമ്പോൾ തിലാവത്തിന്റെ (പാരായണത്തിന്റെ) സുജൂദുണ്ട്. നബി തിരുമേനിﷺ അത് നിർവഹിച്ചപ്പോൾ അവരും സുജൂദിലേക്ക് വീണു.

ഈ ചെയ്തി അവിടെ ഒരു പ്രശ്നമായി. ചെയ്തത് അബദ്ധമായി എന്ന് അവർക്കും തോന്നി. പലരും ക്വുറൈശികളെ ആക്ഷേപിക്കാനും തുടങ്ങി. ജാള്യതയിൽനിന്നു രക്ഷപ്പെടാൻ പിന്നെയവർ ചെയ്തത് ഒരു കളവ് മെനയുകയായിരുന്നു. അവർ ഇങ്ങനെ പറഞ്ഞു: 'മുഹമ്മദ് ക്വുർആൻ ഓതിയപ്പോൾ അന്നജ്മ് അധ്യായത്തിലെ "ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും" എന്ന സൂക്തങ്ങൾക്കു ശേഷം ഇങ്ങനെ രണ്ടു വചനങ്ങളും ഓതി.'എന്നിട്ട് 'ലാത്തയുടെയും മനാത്തയുടെയും ശുപാർശകൾ പ്രതീക്ഷിക്കപ്പെടാവുന്നതാണ്' എന്ന് അർഥമുള്ള അവർ നിർമിച്ച രണ്ടു വചനങ്ങൾ ജനങ്ങളെ ഓതിക്കേൾപിച്ചു.

## ജുബൈറുബ്നു മുത്ഇംؓ

ജുബൈർؓ താൻ ഇസ്‌ലാമിലേക്ക് കടന്നുവരാനുള്ള കാരണം വിശദീകരിക്കുന്നുണ്ട്: 'ബദ്ർ യുദ്ധത്തിൽ ബന്ധിയാക്കപ്പെട്ട തന്റെ ബന്ധുവിന്റെ വിഷയം സംസാരിക്കാൻ ഒരിക്കൽ മദീനയിൽ പോയതായിരുന്നു. അവിടെ എത്തിയത് മഗ്‌രിബ് നമസ്കാരത്തിന്റെ സമയത്തായിരുന്നു. നബിﷺയും സ്വഹാബികളും നമസ്കരിക്കുകയായിരുന്നു. 'അത്ത്വൂർ' എന്ന അധ്യായമാണ് നബിﷺ ഓതിക്കൊണ്ടിരിക്കുന്നത്. ഞാനത് ശ്രദ്ധിച്ചു. അതു കേട്ട് എന്റെ ഹൃദയം പറന്നുപോവാറായി! ഇസ്‌ലാം ആദ്യമായി എന്റെ ഹൃദയത്തിലേക്ക് പ്രവേശിച്ചത് ആ സമയത്തായിരുന്നു.'

ഇങ്ങനെ പരിശുദ്ധ ക്വുർആൻ കേൾക്കുകവഴി അനേകം പേർ ഇസ്‌ലാമിലേക്കു വന്നത് കാണാൻ കഴിയും.

ലേഖനം

നൂറുദ്ദീൻ സ്വലാഹി
noorudheenvettathur@gmail.com



# പ്രവാചകസ്നേഹം അനാചാരങ്ങളിലൂടെ പ്രകടിപ്പിക്കുകയോ?

ഹിജ്റ വർഷം പതിനൊന്ന്, റബീഉൽഅവ്വൽ മാസത്തിലെ ഒരു തിങ്കളാഴ്ച ദിവസം മുഹമ്മദ് നബിﷺക്ക് രോഗം മൂർച്ഛിച്ചു. അസഹ്യമായ വേദന അവിടുത്തെ അലട്ടിക്കൊണ്ടിരിക്കുന്നു. രംഗം കണ്ടു സഹിക്കാനാവാതെ പ്രിയപുത്രി ഫാതിമ﵂ പറഞ്ഞു: 'എന്റെ ഉപ്പാക്ക് എന്തൊരു വേദനയാണ്.' ആശ്വാസ വാചകമെന്നോണം പ്രവാചകൻﷺ മന്ത്രിച്ചു: 'ഇന്നേക്കു ശേഷം നിന്റെ ഉപ്പാക്ക് വേദനകളൊന്നുമില്ല.'

അതെ, അല്ലാഹുവിന്റെ പ്രവാചകൻﷺ അന്ത്യയാത്രക്ക് ഒരുങ്ങിയിരിക്കുന്നു. പ്രവാചകന് പല്ലുതേക്കാൻ താൽപര്യമുണ്ടെന്ന് തിരിച്ചറിഞ്ഞ മഹതി ആഇശ﵂ വേഗത്തിൽ അത് നിർവഹിച്ചു കൊടുത്തു. 'ലാഇലാഹ ഇല്ലല്ലാഹ്, മരണത്തിന് എന്തൊരു വേദനയാണ്' പ്രവാചകൻ ഇങ്ങനെ ഉരുവിട്ടുകൊണ്ടിരുന്നു. ശേഷം ഇങ്ങനെ പ്രാർഥിച്ചു: 'നാഥാ, എനിക്കു നീ പൊറുത്തുതരികയും നിന്റെ അനുഗ്രഹങ്ങൾ എന്നിൽ കടാക്ഷിക്കുകയും നിന്റെ അനുഗ്രഹങ്ങൾ ലഭിച്ച ഉന്നതരായ ആളുകളുടെ കൂടെ എന്നെ ചേർക്കുകയും ചെയ്യേണമേ.' പ്രവാചക ശബ്ദം നിലച്ചു. ശരീരം നിശ്ചലമായി. ആഇശ﵂യുടെ മടിയിൽ കിടന്ന് അന്തിമദൂതൻﷺ ലോകത്തോട് വിടപറഞ്ഞു.

ആ ദുഃഖസത്യം താങ്ങാനാവാതെ മദീന വിങ്ങിപ്പൊട്ടി. അതിശീഘ്രം കാതുകളിൽനിന്ന് കാതുകളിലേക്ക് വാർത്ത പരന്നു.

ഇബ്നു റജബ്(റഹി) പറയുന്നു: 'പ്രവാചകന്റെ വിയോഗവാർത്ത കേട്ടപ്പോൾ സ്വഹാബിമാരെല്ലാം പരിഭ്രാന്തരായി. ചിലർക്ക് ഇരിക്കുന്നിടത്തുനിന്ന് എഴുന്നേൽക്കാൻ കഴിയാതെയായി. ചിലർക്ക് സംസാരിക്കാൻ കഴിയാത്ത വിധം നാവ് നിശ്ചലമായി. ചിലർ അവിടുത്തെ മരണത്തെ തന്നെ നിഷേധിച്ചു.'

ഈ യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ കഴിയാതെ പ്രകോപിതനായി നിൽക്കുന്ന ഉമർﷺവിന്റെ സന്നിധിയിൽവച്ച് അബൂബക്കർﷺ ഈ ക്വുർആൻ സൂക്തം പാരായണം ചെയ്തു:

"മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്" (ക്വുർആൻ 3:144).

ശേഷം അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു: 'ആരെങ്കിലും മുഹമ്മദ് നബിﷺയെയാണ് ആരാധിച്ചിരുന്നത് എങ്കിൽ അദ്ദേഹം മരണപ്പെട്ടിട്ടുണ്ട്. ആരെങ്കിലും അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നത് എങ്കിൽ അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്' (ബുഖാരി).

ഇബ്നു അബ്ബാസ്ﷺ പറയുന്നു: 'അബൂബക്കർﷺ ഈ ആയത്ത് പാരായണം ചെയ്തപ്പോൾ ഇതിനു മുമ്പ് ഇങ്ങനെ ഒരു സൂക്തത്തെക്കുറിച്ച് അറിയാത്തവരെ പോലെയായിരുന്നു എല്ലാവരും.'

ഉമർﷺ പറയുന്നു: 'അല്ലാഹുവാണ് സത്യം! ഈ സൂക്തം ഇതിനുമുമ്പ് തീരെ പാരായണം ചെയ്യാത്ത പോലെ എനിക്ക് അനുഭവപ്പെട്ടു.'

അത്രമാത്രം പ്രവാചക വിയോഗം അവരുടെ മനസ്സുകളെ തളർത്തിയിട്ടുണ്ട്. മദീനയിലേക്ക് വരുന്ന ദുഐബ് അൽ ഹുദലിﷺ അവിടുത്തെ രംഗം വിശദീകരിക്കുന്നത് നോക്കൂ: 'ഞാൻ മദീനയിൽ വരുമ്പോൾ ഹാജിമാരുടെ തൽബിയത്ത് ശബ്ദം പോലെയുള്ള സ്വഹാബിമാരുടെ തേങ്ങലിന്റെ ശബ്ദം ഞാൻ കേട്ടു. കാര്യം ആരാഞ്ഞപ്പോൾ പ്രവാചകൻ യാത്രയായി എന്ന് അവർ എന്നോട് പറഞ്ഞു.'

പ്രവാചക സ്നേഹത്താൽ കീഴ്പെടുത്തപ്പെട്ട ഒരു സമൂഹത്തിന് പ്രവാചകനില്ലാത്ത മദീനയെ കുറിച്ച് ആലോചിക്കാൻ പോലും കഴിയുന്നില്ല. അവരുടെ മുഖം വാടിയിരിക്കുന്നു. ശബ്ദങ്ങൾക്ക് ഇടർച്ച വന്നിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുകയാണ് പലരും.

അബ്ദുല്ലാഹിബ്നു സൈദ്ﷺ തന്റെ തോട്ടത്തിൽ പണിയെടുത്തുകൊണ്ടിരിക്കുമ്പോഴാണ് ഈ വാർത്ത കേൾക്കുന്നത്. അദ്ദേഹം ഉടനെ ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ, എന്റെ പ്രവാചകനു ശേഷം എനിക്കിനി ഒരാളെയും കാണേണ്ടതില്ല. എന്റെ കാഴ്ചയെ തിരിച്ചെടുക്കണേ.'

അദ്ദേഹത്തിന്റെ പ്രാർഥനക്ക് ഉത്തരം ലഭിച്ചു എന്നും ശിഷ്ടകാലം അന്ധനായിട്ടായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത് എന്നും ചരിത്രം.

ചരിത്രം വായിച്ച് ആശ്ചര്യപ്പെടുന്നതിനപ്പുറം പ്രവാചക സ്നേഹം എത്രമാത്രം അവരുടെ ഹൃദയത്തെ സ്വാധീനിച്ചിരുന്നു എന്ന പാഠം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം

ഉസ്മാൻﷺ പറയുകയാണ്: 'ആളുകൾ അബൂബക്കർﷺവിന് ബൈഅത്ത് (അനുസരണപ്രതിജ്ഞ)ചെയ്തുകൊണ്ടിരിക്കെ മദീനയിലെ ഒരു തൂണിൽ ഞാൻ ചാരിയിരിക്കുകയായിരുന്നു. എന്നോട് സലാം പറഞ്ഞുകൊണ്ട് ഉമർﷺ അതിലൂടെ കടന്നുപോയി. പക്ഷേ, പ്രവാചക വിയോഗത്താലുണ്ടായ ദുഃഖത്താലുള്ള ആ ഇരിപ്പിൽ എനിക്കത് കേൾക്കാൻ കഴിഞ്ഞില്ല.'

പ്രവാചന്റെ നിഴലുപോലെ കൂടെ നടന്ന അനസ്ﷺ പിന്നീട് തന്റെ ഓർമകളെ പങ്കുവയ്ക്കുന്നു: 'അന്ന് പ്രവാചകൻ മദീനയണഞ്ഞ ദിവസം

> **റബീഉൽ അവ്വൽ പന്ത്രണ്ട് പ്രവാചകന്റെ ജന്മദിനമാണെന്നത് ചരിത്രകാരന്മാർക്കിടയിൽ ഏകാഭിപ്രായമില്ലാത്ത കാര്യമാണ്. എന്നാൽ അവിടുത്തെ വിയോഗം അന്നായിരുന്നു എന്നത് ഭൂരിപക്ഷത്തിന്റെയും അഭിപ്രായവുമാണ്. എന്നിട്ടും എങ്ങനെയാണ് ഈ ദിവസത്തെ ആഘോഷമാക്കാൻ സാധിക്കുക. ആരാണിതിനു മാതൃക കാണിച്ചത്? യഥാർഥത്തിൽ പ്രവാചകന്റെ വേർപാടിലല്ലേ ഇവർ ആഹ്ലാദപ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്?**

ഞാൻ അദ്ദേഹത്തെ കണ്ടിരുന്നു. അന്നത്തെക്കാൾ ഉത്തമവും പ്രകാശപൂരിതവുമായ ഒരു ദിവസം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. പ്രവാചകന്റെ വിയോഗ ദിവസവും ഞാൻ സാക്ഷിയായിരുന്നു. അന്നത്തെക്കാളും ഇരുട്ടുനിറഞ്ഞതായ ഒരു ദിവസവും ഞങ്ങൾക്ക് വേറെ അനുഭവപ്പെട്ടിട്ടില്ല.'

ഉറ്റവരുടെ വിയോഗത്തിൽ സങ്കടപ്പെടാത്തവരായി നമ്മിൽ ആരുമുണ്ടാകില്ല. എന്നാൽ കാലപ്പഴക്കം നമ്മുടെ വേദനകളുടെ ഭാരം കുറയ്ക്കും. പക്ഷേ, തങ്ങളുടെ പ്രിയങ്കരനായ പ്രവാചകന്റ വിയോഗം താങ്ങാനാവാത്ത സങ്കടമായി അവരുടെ മനസ്സിനെ അലട്ടിക്കൊണ്ടേയിരുന്നു

പ്രവാചകൻﷺ ഇല്ലാത്ത മദീനയിൽ താമസിക്കാൻപോലും കൂട്ടാക്കാതെ ബിലാൽ മദീന വിട്ട് ശാമിലേക്ക് യാത്രപോയി. പിൽക്കാലത്ത് ഉമർ തന്റെ ഭരണകാലത്ത് ശാം സന്ദർശന വേളയിൽ ബിലാലിനെ കാണുകയുണ്ടായി. മധുരമനോഹരമായ ശബ്ദത്താൽ മദീനയെ പുളകംകൊള്ളിച്ച ബിലാലിന്റെ ബാങ്കൊലി ഓർമ വന്നപ്പോൾ ബാങ്കുവിളിക്കാൻ അദ്ദേഹത്തോട് ഉമർ ആവശ്യപ്പെട്ടു. ആ ബാങ്കിൽ ബിലാൽവും ഉമർവും കൂടിനിന്ന എല്ലാവരും കരഞ്ഞുപോയി എന്ന് സൈദ് ബിൻഅസ്‌ലം വിവരിക്കുന്നത് കാണാം (താരീഖുൽ കബീർ, താരീഖുദിമശ്ഖ്).

പ്രവാചകനെ സ്വശരീരത്തെക്കാളും സമ്പത്തിനെക്കാളും മറ്റെല്ലാത്തിനെക്കാളും സ്നേഹിച്ച അനുചരന്മാർ തിരുചര്യകൾ അനുധാവനം ചെയ്ത് അതിന്റെ പ്രചാരകരായി ലോകത്തിന്റെ വ്യത്യസ്ത ദിക്കുകളിലേക്ക് യാത്രപോയി. അറേബ്യൻ ഉപദ്വീപിനപ്പുറം ഭൂഖണ്ഡങ്ങളിൽ ഇസ്‌ലാമിന്റെ പ്രകാശം പരന്നു. പിൽക്കാലത്ത് കടന്നുവന്ന മഹാപണ്ഡിതന്മാർ വള്ളിപുള്ളി വ്യത്യാസമില്ലാതെ പ്രവാചക ജീവിതത്തെ ക്രോഡീകരിച്ചു. അങ്ങനെ കലർപ്പില്ലാതെ തിരുചര്യകളെ ക്രോഡീകരിച്ച ഹദീഥ് ഗ്രന്ഥങ്ങൾ പിറവികൊണ്ടു.

കാലം കടന്നുപോയപ്പോൾ പ്രവാചകസ്നേഹത്തിന്റെ രൂപവും ഭാവവും മാറി. പ്രവാചക ജന്മദിനം എന്നു പറയപ്പെടുന്ന ദിവസം ആഘോഷങ്ങളുടെയും ആരവങ്ങളുടെയും ഇടമായി മാറി. റബീഉൽ അവ്വൽ പന്ത്രണ്ട് പ്രവാചകന്റെ ജന്മദിനമാണെന്നത് ചരിത്രകാരന്മാർക്കിടയിൽ ഏകാഭിപ്രായമില്ലാത്ത കാര്യമാണ്. എന്നാൽ അവിടുത്തെ വിയോഗം അന്നായിരുന്നു എന്നത് ഭൂരിപക്ഷത്തിന്റെയും അഭിപ്രായവുമാണ്. എന്നിട്ടും എങ്ങനെയാണ് ഈ ദിവസത്തെ ആഘോഷമാക്കാൻ സാധിക്കുക. ആരാണിതിനു മാതൃക കാണിച്ചത്? യഥാർഥത്തിൽ പ്രവാചകന്റെ വേർപാടിലല്ലേ ഇവർ ആഹ്ലാദപ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്?

പ്രവാചകന്റെ പേരിലുള്ള സ്നേഹ പ്രകടനത്തിന്റെയും സന്തോഷത്തിന്റെയും രൂപഭാവങ്ങൾ ഇങ്ങനെയായിരുന്നുവെങ്കിൽ അതെല്ലാം കാണിച്ചു തരേണ്ടത് ജീവൻ പോലും ബലിനൽകി പ്രവാചകനെ സംരക്ഷിച്ച അനുചരന്മാർ ആയിരുന്നില്ലേ?

ഹുദൈബിയാ സന്ധി കഴിഞ്ഞ് ഉർവതുബ്നു മസ്ഊദ് തന്റെ സഖീഫ് ഗോത്രക്കാരോട് പറയുന്നത് നോക്കൂ: 'അല്ലാഹുവാണ് സത്യം, ഞാൻ ഒരുപാട് രാജാക്കന്മാരെ സന്ദർശിച്ചിട്ടുണ്ട്. ഖിസ്റ, കൈസർ, നജജാശിമാരുടെ അധികാരപീഠങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ മുഹമ്മദിന്റെ അനുയായികൾ അദ്ദേഹത്തെ ബഹുമാനിക്കുന്നത്ര ഒരു രാജാവിന്റെയും പ്രജകൾ അവരെ ആദരിക്കുന്നത് ഞാൻ കണ്ടിട്ടില്ല.'

ഇത്രമേൽ പ്രവാചകനെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത, വിശ്വാസത്താൽ അലങ്കൃതമായ ഹൃദയത്തിന്റെ ഉടമകളെന്ന് ക്വുർആൻ വിശേഷിപ്പിച്ച ഉത്തമരായ സ്വഹാബിമാരായിരുന്നില്ലേ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന ആഘോഷങ്ങൾ പുണ്യമാണെങ്കിൽ അത് ആദ്യം നിർവഹിക്കേണ്ടിയിരുന്നത്? അവർ അത് നിർവഹിച്ചിട്ടില്ലെങ്കിൽ അത് ഇസ്‌ലാമികമല്ലാത്ത ഒരാചാരമാണ് എന്നല്ലേ വ്യക്തമാകുന്നത്?

അതുകൊണ്ട് ആദ്യനൂറ്റാണ്ടിലെ സച്ചരിതരുടെ മാർഗം പിന്തുടർന്ന് നമുക്ക് മുന്നേറാം. അതിലാണ് വിശ്വാസിയുടെ വിജയവും രക്ഷയും. 'ഈ സമുദായത്തിലെ ആദ്യതലമുറ എന്തൊന്നുകൊണ്ടാണോ നന്നായത് അതുകൊണ്ടുമാത്രമാണ് അവസാനനാളിലുള്ളവരും നന്നാവുക' എന്ന ഇമാം മാലികി(റഹി)ന്റെ വാക്കുകൾ എക്കാലഘട്ടത്തിലുമുള്ള വിശ്വാസികൾ ഓർക്കേണ്ടതുണ്ട്.

ക്വുർആനും പ്രവാചകചര്യയും സച്ചരിതരായ മുൻഗാമികളുടെ ജീവിതപാതയും നമുക്ക് നെഞ്ചോടുചേർക്കാം. ഹുദൈഫ പറയുന്നു: 'പ്രവാചകന്റെ സ്വഹാബത്ത് നിർവഹിക്കാത്ത ഒരു ആരാധനാകർമവും നിങ്ങൾ ചെയ്യരുത്. കാരണം ആദ്യതലമുറ അവസാനക്കാർക്കു വേണ്ടി ഒന്നും ഉപേക്ഷിച്ചുപോയിട്ടില്ല. നിങ്ങൾ നിങ്ങളുടെ മുൻഗാമികളുടെ മാർഗം മുറുകെ പിടിക്കുക.'

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com





# സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ

**1**

അല്ലാഹുവിനെ സൂക്ഷിച്ചും ഭയപ്പെട്ടും അവനിൽ പ്രതീക്ഷയർപ്പിച്ചും ജീവിതം നയിച്ചവർക്ക് അല്ലാഹു ഒരുക്കിയ വമ്പിച്ച സൽക്കാരവും പ്രതിഫലവുമാണ് സ്വർഗം. പ്രവിശാലമായ ആ സ്വർഗം നേടിയെടുക്കാൻ നിങ്ങൾ ധൃതി കാണിക്കുവിൻ എന്നതാണ് അല്ലാഹുവിന്റെ ഉപദേശം. അല്ലാഹു പറയുന്നു:

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 3:133).

സ്വർഗം എങ്ങനെയന്നത് വിവരണാതീതമാണ്. ഒരു നബിവചനം കാണുക: അബൂഹുറയ്റ ؓ നിവേദനം; നബി ﷺ പറഞ്ഞു: 'എന്റെ സദ്വൃത്തരായ ദാസന്മാർക്ക് ഒരു കണ്ണും

കാണാത്തത്ര, ഒരു കാതും കേൾക്കാത്തത്ര, ഒരു മനുഷ്യഹൃദയവും ഭാവനയിൽ കൊണ്ടുവരാത്തത്ര ഒരുക്കിയിരിക്കുന്നു.' ശേഷം നബിﷺ പാരായണം ചെയ്തു: 'എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവതല്ല' (ക്വുർആൻ 32:17). (ബുഖാരി: 3244).

ഇബ്നു റജബ്(റഹി) പറഞ്ഞു: "നരകത്തിൽനിന്നുള്ള മോചനം അല്ലാഹുവിന്റെ വിട്ടുവീഴ്ചകൊണ്ട് ലഭിക്കുന്നതാണ്. സ്വർഗപ്രവേശം അവന്റെ കാരുണ്യംകൊണ്ട് ലഭിക്കുന്നതാണ്. സ്വർഗത്തിലെ പദവികളും സ്ഥാനങ്ങളും സൽകർമങ്ങൾകൊണ്ട് ലഭിക്കുന്നതാണ്."

അല്ലാഹുവിന്റെ ഉന്നതമായ സ്വർഗം നേടിയെടുക്കുക എന്നതാണ് ഓരോ വിശ്വാസിയും ആഗ്രഹിക്കുന്നത്. എന്തുകൊണ്ട്? സ്വർഗത്തിൽ ഒരു ചാട്ട വെക്കാനുള്ള സ്ഥലം ഒരാൾക്ക് ഈ ലോകവും അതിലുള്ളതും മുഴുവൻ ലഭിച്ചു എന്നിരുന്നാലും അതിനെക്കാളൊക്കെ ഉത്തമമാണ് എന്നതുകൊണ്ടുതന്നെ!

സഹ്ലുബ്നു സഅ്ദിസ്സാഇദിയ്യിﷺ നിവേദനം; നബിﷺ പറഞ്ഞു: "സ്വർഗത്തിൽ ഒരു ചാട്ടവെക്കുവാനുള്ള സ്ഥലം ഈ ഇഹലോകത്തെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാകുന്നു" (ബുഖാരി:3250).

അതിനാൽ സ്വർഗപ്രവേശം മഹത്തായ വിജയമാകുന്നു. നരകമോചനം ഉന്നതമായ രക്ഷയും സൗഭാഗ്യവുമാകുന്നു. വർണങ്ങളാൽ കൺകുളിർമ നൽകുന്ന, വ്യത്യസ്ത പേരുകളുള്ള, ഉപരിലോകത്ത് സ്ഥിതി ചെയ്യുന്ന, സ്വർണത്തിന്റെയും വെള്ളിയുടെയും ഇഷ്ടികകളാൽ നിർമിക്കപ്പെട്ട, തൂവെള്ളനിറമുള്ള നേർമയുള്ള പൊടിയും കലർപ്പില്ലാത്ത കസ്തൂരിയുടെ വാസനയുമുള്ള മണ്ണിനാൽ സംവിധാനിക്കപ്പെട്ട, ആകാശഭൂമികളോളം വിശാലമായ, മക്കക്കും ഹിംയറിനും ഇടയ്ക്കുള്ള അത്രയും വിശാലമായ വീതിയിൽ എട്ട് കവാടങ്ങൾ തുറന്നുവെക്കപ്പെട്ട, ഉന്നത പദവികളുള്ള, മണിമേടകളും കൊട്ടാരങ്ങളും തലയിണകളും മെത്തകളും പരവതാനികളും ചാരുമഞ്ചങ്ങളും കട്ടിലുകളും പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും വൃക്ഷങ്ങളും തണലുകളും തോട്ടങ്ങളും ഫലങ്ങളും നദികളും പാനീയങ്ങളും സേവകന്മാരും സ്വർഗീയ മദ്യവും സ്വർഗീയ ഇണകളുമുള്ള, എന്നെന്നും നിലനിൽക്കുന്ന, ഇഹലോകത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ലോകമാണ് സ്വർഗം. അത് നേടിയെടുക്കാനുള്ള വഴികൾ അല്ലാഹുവും അവന്റെ ദൂതനും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവ ഏതെന്ന് പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്.

### 1. സത്യവിശ്വാസവും സൽകർമവും

അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും അന്ത്യദിനത്തിലും അല്ലാഹുവിന്റെ വിധിയിലും വിശ്വസിക്കൽ അതിപ്രധാനമാണ്. അല്ലാഹു പറയുന്നു:

"തന്റെ രക്ഷിതാവിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു..." (ക്വുർആൻ 2:285).

സത്യവിശ്വാസം സ്വീകരിച്ചാൽ പിന്നീടങ്ങോട്ടുള്ള ജീവിതം സൽകർമങ്ങൾ അനുഷ്ഠിച്ചാവണം. രണ്ടും ഒന്നിച്ചു കൊണ്ടുപോയാൽ സ്വർഗം ലഭിക്കും.

അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തതാരോ അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (ക്വുർആൻ 2:82).

"ആണാകട്ടെ പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല" (ക്വുർആൻ 4:124).

"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ" (ക്വുർആൻ 18:107).

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക" (ക്വുർആൻ 41:30).



"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്" (ക്വുർആൻ 46:13,14).

ജാബിർ ﵁ നിവേദനം: "ഒരാൾ നബി ﷺ ക്ക് അരികിൽവന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണ് നിർബന്ധമായ രണ്ട് കാര്യങ്ങൾ?' നബി ﷺ പറഞ്ഞു: 'അല്ലാഹുവിൽ പങ്കുചേർക്കാതെയാണ് ആരെങ്കിലും മരണമടഞ്ഞത് എങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ആരെങ്കിലും അല്ലാഹുവിൽ വല്ലതിനെയും പങ്കുചേർത്താണ് മരണമടഞ്ഞത് എങ്കിൽ അവൻ നരകത്തിലും പ്രവേശിച്ചു" (മുസ്‌ലിം: 92).

ഉസ്മാൻ ﵁ നിവേദനം; നബി ﷺ പറഞ്ഞു: "ആരെങ്കിലും ലാ ഇലാഹ ഇല്ലല്ലാഹ് മനസ്സിലാക്കിയിട്ടാണ് മരണപ്പെട്ടത് എങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു" (മുസ്‌ലിം:26).

അബൂഹുറയ്റ ﵁ നിവേദനം: "നബി ﷺ തന്റെ രണ്ട് ചെരിപ്പുകൾ എനിക്ക് നൽകി. എന്നിട്ടെന്നോട് പറഞ്ഞു: 'എന്റെ ഈ ചെരിപ്പുകളുമായി നീ പോകുക. എന്നിട്ട് ഈ മതിലിന്നപ്പുറത്ത് ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന് സാക്ഷ്യം വഹിക്കുന്ന വല്ലവനെയും നീ കണ്ടുമുട്ടിയാൽ സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കുക" (മുസ്‌ലിം: 31).

മേൽസൂചിപ്പിച്ച ഹദീസുകളെല്ലാം അറിയിക്കുന്നത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിലുള്ള അടിയുറച്ച വിശ്വാസവും അതിൽ ഊന്നിനിന്നുള്ള പ്രവർത്തനവും മുഖേന മാത്രമെ സ്വർഗം ലഭിക്കൂ എന്നതാണ്.

## 2. ഇസ്‌ലാം കാര്യങ്ങൾ പ്രാവർത്തികമാക്കൽ

ഇസ്‌ലാമിലെ അതിപ്രധാനമായ നിർബന്ധ കർമാനുഷ്ഠാനങ്ങൾ അഞ്ചെണ്ണമാണ്. സത്യസാക്ഷ്യം, നമസ്കാരം, സകാത്ത്, വ്രതാനുഷ്ഠാനം, ഹജ്ജ് എന്നിവയാണവ.

**സത്യസാക്ഷ്യം:** 'ആരാധനക്ക് അല്ലാഹുവല്ലാതെ ആരുംതന്നെ അർഹനല്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന പ്രതിജ്ഞാവാചകത്തിനാണ് കലിമതുശ്ശാഹദഃ അഥവാ സാക്ഷ്യവാക്യം എന്നു പറയുന്നത്. ഏകനായ സ്രഷ്ടാവിനല്ലാതെ മറ്റാർക്കും ഞാൻ യാതൊരു ആരാധനയും അർപ്പിക്കുകയില്ലെന്നും മുഹമ്മദ് നബി ﷺ യുടെ ജീവിതത്തെ മാതൃകയാക്കി സ്വന്തം ജീവിതത്തെ മുന്നോട്ടു നയിച്ചുകൊള്ളാമെന്നും പ്രതിജ്ഞയെടുക്കുകയാണ് ഈ സാക്ഷ്യവചനം ചൊല്ലുന്നയാൾ ചെയ്യുന്നത്.

**നമസ്കാരം:** വിശ്വാസികൾക്ക് ദിവസത്തിൽ അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാണ്. അല്ലാഹു പറയുന്നു: "...തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു" (ക്വുർആൻ 4:103).

നമസ്കാരം മുറപ്രകാരം നിർവഹിക്കേണ്ടതുണ്ട്: "പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെ അന്ത്യയാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവഹിക്കുക..." (ക്വുർആൻ 11:114).

ഓരോ നമസ്കാരവും അതിനിടയിൽ സംഭവിക്കുന്ന പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമായിത്തീരുന്നു; അതിനിടയിൽ വൻപാപങ്ങൾ ചെയ്യാത്തവർക്ക്. വൻപാപം സംഭവിച്ചുകഴിഞ്ഞാൽ തൗബ(പശ്ചാത്താപം)ചെയ്യൽ അനിവാര്യമായിത്തീരും.

അബൂഹുറയ്റ ﵁ നിവേദനം; നബി ﷺ പറഞ്ഞു: "അഞ്ചുനേര നമസ്കാരങ്ങളും ഒരു ജുമുഅ മുതൽ അടുത്ത ജുമുഅവരെയും, ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരെയും അതിനിടക്ക് സംഭവിച്ച പാപങ്ങൾ പൊറുപ്പിക്കുന്നവയാണ്; വൻപാപങ്ങൾ വർജിക്കപ്പെട്ടാൽ" (മുസ്‌ലിം: 233).

മറ്റൊരു നബിവചനം കാണുക; "അബീബക്കറുബ്നു അബീമൂസﷺ തന്റെ പിതാവിൽനിന്നും നിവേദനം; നബിﷺ പറഞ്ഞു: 'ആരെങ്കിലും ബർദയ്ൻ നമസ്കരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു."

ബർദയ്ൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വുബ്ഹി നമസ്കാരവും അസ്ർ നമസ്കാരവുമാണ്. സ്വുബ്ഹി നമസ്കാരം രാത്രിയുറക്കത്തിലും അസ്ർ നമസ്കാരം ഉച്ചയുറക്കത്തിലും പെട്ട് നഷ്ടപ്പെടാൻ സാധ്യതയുള്ളതാണ്. അലസൻമാരല്ലാത്തവർക്കും സ്വർഗം ആഗ്രഹിക്കുന്നവർക്കും മാത്രമെ ഉറക്കത്തെക്കാൾ ഉത്തമമാണ് നമസ്കാരം എന്ന ബോധത്തോടെ എഴുന്നേറ്റ് നമസ്കരിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടായിരിക്കാം ഈ നമസ്കാരങ്ങളെ പ്രത്യേകം എടുത്തുപറഞ്ഞത്. (അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ).

നിർബന്ധ നമസ്കാരം നിർവഹച്ചവർക്കേ സ്വർഗപ്രവേശം സാധ്യമാകൂ എന്ന് ക്വുർആൻ വ്യക്തമായി മനസ്സിലാക്കിത്തരുന്നുണ്ട്: "ഓരോ വ്യക്തിയും താൻ സമ്പാദിച്ചുവെച്ചതിന് പണയപ്പെട്ടവനാകുന്നു; വലതുപക്ഷക്കാരൊഴികെ. ചില സ്വർഗത്തോപ്പുകളിലായിരിക്കും അവർ. അവർ അന്വേഷിക്കും; കുറ്റവാളികളെപ്പറ്റി, നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തൊന്നാണെന്ന്. അവർ (കുറ്റവാളികൾ) മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല. ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല. തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങളും മുഴുകുമായിരുന്നു. പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ചുകളയുമായിരുന്നു" (ക്വുർആൻ 74:38:46).

"എന്നിട്ട് അവർക്ക് ശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തൻമൂലം ദുർമാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്" (ക്വുർആൻ 19:59).

**സകാത്ത്:** സ്വന്തം സ്വത്തിൽനിന്ന് ഒരു വിഹിതം സമൂഹത്തിലെ അവശത അനുഭവിക്കുന്നവർക്കുവേണ്ടി നീക്കിവെക്കുവാൻ മുസ്ലിംകൾ ബാധ്യസ്ഥരാണ്. ഈ നിർബന്ധദാനമാണ് സകാത്ത്. സമ്പത്തിൽ ഇസ്‌ലാം നിശ്ചയിച്ച നിർണിത അളവ് എത്തിയവർക്കാണ് സകാത്ത് കൊടുക്കൽ നിർബന്ധമായിട്ടുള്ളത്.

അബൂഅയ്യൂബിൽ ഖാലിദുബ്നു സെയ്ദിൽ അൻസ്വാരിﷺ നിവേദനം: "ഒരാൾ നബിﷺയോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന കർമങ്ങൾ എനിക്ക് അറിയിച്ചു തന്നാലും.' അപ്പോൾ നബിﷺ പറഞ്ഞു: 'നീ അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാത്ത വിധം അവനെ ആരാധിക്കുക. നമസ്കാരം മുറപ്രകാരം നിർവഹിക്കുക. സകാത്ത് നൽകുക. കുടുംബബന്ധം ചേർക്കുക."(ബുഖാരി: 1396, 5983).

**നോമ്പ്:** റമദാൻ മാസം മുഴുവൻ പ്രഭാതം മുതൽ പ്രദോഷംവരെ അന്നപാനീയങ്ങളും ലൈംഗികാസ്വാദനവും വെടിഞ്ഞുകൊണ്ടുള്ള വ്രതാനുഷ്ഠാനം സ്വർഗം നേടിത്തരുന്ന മഹത്തായ ആരാധനയാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്" (ക്വുർആൻ 2:183).

ആത്മാർഥമായുള്ള വ്രതാനുഷ്ഠാനം പാപങ്ങൾ പൊറുക്കപ്പെടാനും സ്വർഗപ്രവേശനത്തിനും നമ്മെ അർഹരാക്കുന്നു. അബൂഹുറയ്റﷺ നിവേദനം, നബിﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലേഛയോടും കൂടി റമദാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും" (ബുഖാരി: 38, മുസ്‌ലിം: 760).

അബൂഹുറയ്റﷺ നിവേദനം, നബിﷺ പറഞ്ഞു: "റമദാനിലെ ഓരോ ദിനരാത്രങ്ങളിലും അല്ലാഹു കുറേ പേരെ നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതാണ്. ഓരോ മുസ്‌ലിമിനും റമദാനിൽ ഉത്തരം ഉറപ്പായും ലഭിക്കപ്പെടുന്ന ഒരു പ്രാർഥനയുണ്ട്." (അഹ്മദ്: 7450)

**ഹജ്ജ്:** ശാരീരികമായും സാമ്പത്തികമായും ശേഷിയുള്ളവർക്കാണ് ജീവിതത്തിൽ ഒരിക്കൽ ഹജ്ജ് ചെയ്യൽ നിർബന്ധമുള്ളത്. പാപങ്ങൾ പൊറുക്കപ്പെട്ട് സംശുദ്ധിനേടാനും സ്വർഗം ലഭിക്കാനും സഹായിക്കുന്ന മഹത്തായ ഒരു കർമമാണ് ഹജ്ജ്.

അബൂഹുറയ്റﷺ നിവേദനം, നബിﷺ പറഞ്ഞു: "ചീത്ത സംസാരവും അധർമവും ഇല്ലാതെ ആരെങ്കിലും ഹജ്ജ് നിർവഹിച്ചാൽ അവൻ അവന്റെ ഉമ്മ പ്രസവിച്ചദിവസത്തിലെ പോലെ (പാപരഹിതനായി) മടങ്ങുന്നതാണ്" (ബുഖാരി: 1521).

അബൂഹുറയ്റﷺ നിവേദനം; നബിﷺ പറഞ്ഞു: "പുണ്യംനിറഞ്ഞ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (അഹ്മദ്: 9941). (തുടരും)

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz

zameel



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 198 - ചോദ്യങ്ങൾ

1) അബുൽ ആസ്വുബ്നുറബീഅ്(റ) നബി(സ)യുടെ ഏതു ഭാര്യയുടെ സഹോദരിയുടെ പുത്രനാണ്?
(1) ആഇശ(റ)യുടെ (2) ഖദീജ(റ)യുടെ (3) മൈമൂന(റ)യുടെ

2) നബി(സ) പറഞ്ഞു: "സ്വർഗത്തിൽ ഒരു ചാട്ടവെക്കുവാനുള്ള സ്ഥലം ഇഹലോകത്തെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാകുന്നു" (ബുഖാരി:3250). ഈ ഹദീഥ് ഏതു സ്വഹാബിയിൽനിന്നാണ് നിവേദനം ചെയ്യുന്നത്?
(1) സഹ്ലുബ്നു സഅ്ദിസ്സാഇദി(റ)യിൽനിന്ന് (2) അബൂഹുറയ്റ(റ)യിൽനിന്ന് (3) ഇബ്നു മസ്ഊദി(റ)ൽനിന്ന്

3) 'ആരെങ്കിലും മുഹമ്മദ് നബി(സ)യെയാണ് ആരാധിച്ചിരുന്നത് എങ്കിൽ അദ്ദേഹം മരണപ്പെട്ടിട്ടുണ്ട്. ആരെങ്കിലും അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നത് എങ്കിൽ അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്' (ബുഖാരി). ഇത് ആരുടെ പ്രഖ്യാപനമാണ്?
(1) അബൂബക്കർ(റ) (2) ഉമർ(റ) (3) അലി(റ)

4) പ്രവാചകൻ(സ) ഇല്ലാത്ത മദീനയിൽ താമസിക്കാൻപോലും കൂട്ടാക്കാതെ മദീന വിട്ട് ശാമിലേക്ക് യാത്രപോയ സ്വഹാബി?
(1) സൈദുബ്നു സാബിത്ത്(റ) (3) സൽമാനുൽ ഫാരിസി(റ) (3) ബിലാൽ(റ)

5) 'ഈ സമുദായത്തിലെ ആദ്യതലമുറ എന്തൊന്നുകൊണ്ടാണോ നന്നായത് അതുകൊണ്ടുമാത്രമാണ് അവസാന നാളിലുള്ളവരും നന്നാവുക' എന്ന ഇമാം ........ വാക്കുകൾ എക്കാലഘട്ടത്തിലുമുള്ള വിശ്വാസികൾ ഓർക്കേണ്ടതുണ്ട്.
(1) ശാഫിഈ(റഹി)യുടെ (2) അബൂഹനീഫ(റഹി)യുടെ (3) മാലികി(റഹി)ന്റെ

6) 1961ൽ സെക്രട്ടറിയേറ്റിലേക്കും മറ്റു ചില വകുപ്പുകളിലേക്കും പിഎസ്സി നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ പിന്നാക്ക വിഭാഗക്കാർ ഇല്ലെന്നു കണ്ടപ്പോൾ മുഖ്യമന്ത്രി ഇടപെട്ട് ഒരു സപ്ലിമെന്ററി പരീക്ഷ നടത്തിക്കുകയും അതുവഴി 20 മുസ്‌ലിംകൾ അടക്കമുള്ള ഏതാനും പിന്നാക്ക വിഭാഗക്കാരുടെ ലിസ്റ്റ് പിഎസ്സിക്ക് പ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്തു. ആരായിരുന്നു ആ മുഖ്യമന്ത്രി?
(1) പട്ടം താണുപിള്ള (2) സി.എച്ച് മുഹമ്മദ് കോയ (3) കെ. കരുണാകരൻ

7) ഈഴവ, മുസ്‌ലിം, ക്രൈസ്തവ വിഭാഗങ്ങൾ ഒന്നിച്ചുനിന്നുകൊണ്ടാണ് .......ൽ നിവർത്തനപ്രക്ഷോഭം ആരംഭിച്ചത്.
(1) 1960 (2) 1933 (3) 1988

8) നബി(സ) വഫാത്തായി എന്ന യാഥാർഥ്യം ഉൾക്കൊള്ളാൻ കഴിയാതെ പ്രകോപിതനായി നിൽക്കുന്ന ഉമർ(റ)വിന്റെ സന്നിധിയിൽവച്ച് അബൂബക്കർ(റ) പാരായണം ചെയ്ത ക്വുർആൻ സൂക്തം ഏത്?
(1) 3:144 (2) 14:31 (3) 44:13

9) "ആണാകട്ടെ പെണ്ണാകട്ടെ, ആര് സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല."
(1) ക്വുർആൻ 42:14 (2) ക്വുർആൻ 12:44 (3) ക്വുർആൻ 4:124

10) കപടവിശ്വാസികൾ നബി(സ)യുടെ പത്നി ആഇശ(റ)ക്കെതിരെ ഒരു മഹാഅപരാധം പ്രചരിപ്പിച്ചപ്പോൾ അതിൽ പെട്ടുപോവുകയും ശേഷം പശ്ചാത്തപിച്ചുമടങ്ങുകയും ചെയ്ത സ്വഹാബി?
(1) അബൂഉമാമ(റ) (2) മിസ്ത്വഹ്(റ) (3) മിസ്അബ്(റ)

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# ഓർക്കാനിഷ്ടപ്പെടുന്ന ചില തിരുത്തലുകൾ

"മാഷ് നമ്മുടെ എം.ആർ.എച്ച്.എസ് ഓൾഡൻസ് വാട്സാപ്പ് ഗ്രൂപ്പിൽ ഇല്ലേ?"

"ഉണ്ട്!"

"ജലീൽ മാസ്റ്ററുടെ ഉപ്പ മരിച്ചതിന് താങ്കൾ കമന്റ് ചെയ്തിരുന്നോ?"

"ഞാൻ ഇന്നാ ലില്ലാഹി... എന്ന സ്റ്റിക്കർ കമന്റ് ഇട്ടിരുന്നു."

"എന്നാൽ ഒന്ന് വേഗം പരിശോധിക്കൂ. താങ്കൾ ഇന്നാ ലില്ലാഹി പോസ്റ്റ് ചെയ്യുന്നതിന് മുമ്പ് അറിയാതെ ഒരു തള്ളവിരൽ സ്റ്റിക്കർ കൂടി അതിനു മുകളിലായി ഇട്ടിട്ടുണ്ട്. അത് വേഗം ഡിലീറ്റ് ചെയ്യൂ."

ഉറവിടം അറിയാത്ത കോവിഡ് 19 കേസുകൾ റിപ്പോർട്ട് ചെയ്തതിനാൽ പഞ്ചായത്തിൽ മുഴുവനും ചില നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി വൈകുന്നേരം അഞ്ചു മണിക്ക് കടകൾ അടക്കും എന്നതിനാൽ അത്യാവശ്യമായി ചില സാധനങ്ങൾ വാങ്ങുന്നതിനായി സ്കൂട്ടറിൽ കയറുന്ന സമയത്ത് വന്ന ഒരു ഫോൺകാൾ ആണിത്.

ആ അജ്ഞാത സുഹൃത്ത് പറഞ്ഞത് ശരിയാണെന്ന് വാട്സാപ്പ് ഗ്രൂപ്പ് പരിശോധിച്ചപ്പോൾ മനസ്സിലായി. ഉടൻ ആ തമ്പ് സ്റ്റിക്കർ ഡിലീറ്റ് ചെയ്ത് അദ്ദേഹത്തെ വിളിച്ച് നന്ദി പറഞ്ഞു

23 വർഷം മുമ്പ് വളാഞ്ചേരിക്കടുത്തെ ഒരു അൺ എയിഡഡ് സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തിരുന്നു. സർക്കാർ ജോലി കിട്ടിയും എയിഡഡ് സ്കൂളിൽ കയറിയും വിദേശത്ത് പോയുമൊക്കെ ഈ സ്കൂളിൽനിന്നും പടിയിറങ്ങിയവരെ ഉൾക്കൊള്ളിച്ച് രൂപീകരിച്ച വാട്സാപ്പ് ഗ്രൂപ്പിലാണ് എനിക്ക് ഈ അബദ്ധം പിണഞ്ഞത്. ഒരിക്കൽപോലും എന്നെ നേരിട്ട് കണ്ടിട്ടില്ലെങ്കിലും എന്റെ അബദ്ധം ചൂണ്ടിക്കാണിച്ച നല്ല മനസ്സിനു നന്ദിയും പ്രാർഥനകളും.

ഇഷ്ടമായ തിരുത്തലിന്റെ മറ്റൊരനുഭവം.

വീടിന് സമീപത്തുള്ള ജുമാമസ്ജിദിൽനിന്നും മഗ്രിബ് നമസ്കാരം കഴിഞ്ഞ് പുറത്തിങ്ങുമ്പോൾ ഒരു പയ്യൻ സലാം പറഞ്ഞ് കൈതന്നു. കൂടെ ഒരു ചോദ്യവും: "തിരക്കിലാണോ? ഒരു കാര്യം പറയാനുണ്ടായിരുന്നു."

"എന്താണ്? പറയൂ" ഞാൻ ആകാംക്ഷയോടെ പറഞ്ഞു.

"താങ്കൾ നമസ്കരിക്കുമ്പോൾ സുജൂദിന്റെ സമയത്ത് കൈവിരലുകൾ പലപ്പോഴും വിടർത്തിയാണ് വെക്കാറുള്ളത്. ചേർത്തുവെക്കണം എന്നാണ് നബിﷺയുടെ സുന്നത്തിൽ ഉള്ളത്."

നമസ്കാരത്തിനിടയിൽ മനഃപൂർവമല്ലാതെ വന്നുപോകുന്ന ഈ തെറ്റ് തിരുത്താൻ ഉപദേശിച്ച ആ രണ്ടാം വർഷ ഡിഗ്രി വിദ്യാർഥിക്ക് മനസ്സിൽ തട്ടി തന്നെ നന്ദി പറഞ്ഞു.

പഠന കാലത്തും വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന വേളകളിലും ഇത്തരം ഗുണകാംക്ഷാപരമായ ചില തിരുത്തലുകൾ അനുഭവപ്പെട്ടത് ഇപ്പോഴും മനസ്സിൽ തങ്ങിനിൽപുണ്ട്. തിരുത്താൻ സമയം കണ്ടെത്തിയ ആ നല്ല മുഖങ്ങളും മറക്കാനാവുന്നില്ല.

സോഷ്യൽ മീഡിയ അരങ്ങുതകർക്കുന്ന ഇക്കാലത്ത് അതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ സത്യാവസ്ഥ അന്വേഷിക്കാനോ ആ വ്യക്തിയുമായി ബന്ധപ്പെട്ട് തിരുത്താനോ മെനക്കെടാതെ അത് ലോകം മുഴുവൻ പ്രചരിപ്പിച്ച് 'സുഖം കണ്ടെത്തുന്നവരു'മുണ്ട് നമ്മുടെ ചുറ്റുപാടുകളിൽ.

സ്നേഹപൂർവമായ തിരുത്തലുകൾ ഏവരും ആഗ്രഹിക്കുന്നു. തിരുത്തലുകൾ കാർക്കശ്യം നിറഞ്ഞതും ഗുണകാംക്ഷയില്ലാത്തതും ആകുമ്പോഴാന് ഏവർക്കും അരോചകമാകുന്നത്. അറ്റുപോയ ചില ബന്ധങ്ങൾ വിളക്കിച്ചേർക്കാനും തിന്മയിൽ മുങ്ങിക്കുളിച്ച് ജീവിതം നഷ്ടപ്പെടുത്തുന്നവരെ നന്മയുടെ പാതയിലേക്ക് നയിക്കാനും ചില നല്ല തിരുത്തലുകൾകൊണ്ട് സാധിക്കും. സാമൂഹ്യ, സാംസ്കാരിക, സംഘടന, കുടുംബ, വ്യക്തി ബന്ധങ്ങളിൽ നന്മയുടെ നറുമണം വിതറാൻ സ്നേഹത്തിൽ ചാലിച്ച നമ്മുടെ ചില തിരുത്തലുകൾ നിമിത്തങ്ങളാകട്ടെ.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 195

**ഒന്നാം സമ്മാനം:**
Mohammed Salih, Machinghappara, Malappuram

**രണ്ടാം സമ്മാനം:**
Fathimath Najeeha, Kuthuparamba, Kannur

**മൂന്നാം സമ്മാനം:**
Ramshad, Kunthamkulam, Thrissur

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 OCTOBER 31

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**

**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

**കൂടാതെ ശരിയുത്തരമയക്കുന്ന**

**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**




QR കോഡ്
സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**

**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**